# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.2/2079/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 28/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.2/2079/2022 തീയ്യതി: 28/02/2023

## തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 09-11-2022 | 17-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 17-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ.എസ്, ഓഡിറ്റ് ഓഫീസർ

ശ്രീ.അനിൽ കുമാർ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ആശ.ജി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി വിർജിൻ ഷീജ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി പ്രീത ജാസ്മിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ.എസ് നവനീത് കുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. എസ്.ഒ ഷാജി കുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജൂലി ലോറൻസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി വിജയശ്രീ.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-11-2021 |
| ശ്രീമതി സിന്ധു.റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ഡോ.അനുരാധ.എ | മെഡിക്കൽ ഓഫീസർ (FHC) | 01-04-2021 | 15-06-2021 |
| ഡോ.അഞ്ചന | മെഡിക്കൽ ഓഫീസർ (FHC) | 16-06-2021 | 31-03-2022 |
| ഡോ.റീജ | മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പെൻസറി) | 01-04-2021 | 31-03-2022 |
| ഡോ.ലതകുമാരി | മെഡിക്കൽ ഓഫീസർ (ആയുർവേദ ഡിസ്പെൻസറി) | 01-04-2021 | 17-08-2021 |
| ഡോ.പുഷ്പകുമാരി | മെഡിക്കൽ ഓഫീസർ (ആയുർവേദ ഡിസ്പെൻസറി | 18-08-2021 | 31-03-2022 |
| ഡോ.പ്രദീപ്.എസ്.വി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ജിനേഷ്. | വി.ഇ.ഒ (എ സർക്കിൾ) | 01-04-2021 | 31-08-2021 |
| ശ്രീ.രഞ്ചുരാധാകൃഷ്ണൻ | വി.ഇ.ഒ (എ സർക്കിൾ) | 01-09-2021 | 08-09-2021 |
| ശ്രീമതി അഭിഷ | വി.ഇ.ഒ (എ സർക്കിൾ) | 09-09-2021 | 31-03-2022 |
| ശ്രീ.ജിനേഷ്.(ഇൻ ചാർജ്) | വി.ഇ.ഒ (ബി സർക്കിൾ) | 01-04-2021 | 31-08-2021 |
| ശ്രീമതി രഞ്ചു രാധാകൃഷ്ണൻ | വി.ഇ.ഒ (ബി സർക്കിൾ) | 01-09-2021 | 09-09-2021 |

| | | | |
|---|---|---|---|
| (ഇൻ ചാർജ്) | | | |
| ശ്രീമതി അഭിഷ | വി.ഇ.ഒ (ബി സർക്കിൾ) | 10-09-2021 | 18-09-2021 |
| ശ്രീമതി സജിഷ | വി.ഇ.ഒ (ബി സർക്കിൾ) | 19-09-2021 | 31-03-2022 |
| ശ്രീമതി ഷീന | കൃഷി ഓഫീസർ | 01-04-2021 | 27-05-2021 |
| ശ്രീ.പ്രശാന്ത് | കൃഷി ഓഫീസർ | 26-09-2021 | 17-10-2021 |
| ശ്രീ ഷീൻ ജോൺസ് | കൃഷി ഓഫീസർ | 18-10-2021 | 31-03-2022 |
| ശ്രീ. ബാലചന്ദ്രൻ നായർ | കൃഷി ഓഫീസർ (ഇൻ ചാർജ്ജ്) | 28-05-2021 | 25-09-2021 |
| ശ്രീമതി സിംന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു.വി.ജെ | അസിസ്റ്റന്റ് എഞ്ചിനിയർ (തദ്ദേശ സ്വയം ഭരണ വകുപ്പ്) | 01-04-2021 | 31-03-2022 |
| ശ്രീ. എസ്.ഒ ഷാജി കുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ്-അപാകതകൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | ബിഎംസി അക്കൗണ്ട്- രേഖകൾ ഹാജരാക്കേണ്ടതാണ് | 1-2-1 |
| 5 | B-18 ഷെഡ്യൂൾ- മുൻകൂർ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-2-2 |
| 6 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-2-3 |
| 7 | Liability തുകകൾ അടവുവരുത്തുന്നില്ല | 1-2-4 |
| 8 | ഗ്രാന്റ് വിനിയോഗം - അപാകതകൾ | 1-3 |
| 9 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം - അപാകതകൾ | 1-3-1 |
| 10 | പദ്ധതി അവലോകനം | 1-4 |
| 11 | ക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ | 1-5 |
| 12 | സർവ്വീസ് പെൻഷൻ വാങ്ങുന്ന വ്യക്തികൾ അനർഹമായി തുക കൈപ്പറ്റി | 1-5-1 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 15 | എൻ.ആർ.ഇ.ജി.എസ് - വരവ് ചെലവുകളുടെ വിവരം | 1-8 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 17 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ | 1-10 |
| 18 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 19 | ഷോപ്പിംഗ് കോംപ്ലക്സ് - വാടക തുക ലഭ്യമായില്ല | 1-12 |
| 20 | കെട്ടിടത്തിന്റെ ഉപയോഗക്രമം നിർണയിച്ച രേഖകൾ ലഭ്യമാക്കിയില്ല | 1-13 |
| 21 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ്- രജിസ്റ്ററിലെയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-14 |
| 22 | വികസന പെർമിറ്റ് അനുവദിച്ചത്- തുടർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നില്ല | 1-15 |
| 23 | ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി - കുടിശ്ശിക തുക നാളിതുവരെ ഈടാക്കിയിട്ടില്ല. | 1-16 |
| 24 | പാരാമെഡിക്കൽ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ | 1-17 |
| 25 | ബിൽഡിംഗ് പെർമിറ്റ്- അപാകങ്ങൾ | 1-18 |

| | | |
|---|---|---|
| 26 | ഓഡിറ്റോറിയം വരവ് - അപാകങ്ങൾ | 1-19 |
| 27 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു | 1-20 |
| 28 | ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച മരാമത്ത് പ്രവൃത്തികളിലെ -അപാകതകൾ | 1-21 |
| 29 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല- 12532/- രൂപയുടെ അധികച്ചെലവ് | 1-22 |
| 30 | കമ്പ്യൂട്ടർ വാങ്ങൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-23 |
| 31 | ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല | 1-24 |
| 32 | ദുരിതാശ്വാസ നിധി പരിപാലനത്തിലെ അപാകതകൾ | 1-25 |
| 33 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല – 6,25,836/- രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 34 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല | 1-27 |
| 35 | കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല- 4,96,176 /-രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 36 | സാംഖ്യ, സുലേഖ – ചെലവുവിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-29 |
| 37 | ദൈനംദിന ചെലവുകൾ - അധികം നൽകിയ 1273/- രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-30 |
| 38 | വായ്പ ( ഹഡ്കോ) രജിസ്റ്റർ, ധനകാര്യപത്രിക എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല | 1-31 |
| 39 | വനവികസന നികുതിയിനത്തിലെ വരവ്തുക 6430/- രൂപ സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല | 1-32 |
| 40 | വെറ്റിനറി ഡിസ്പെൻസറിയിൽ പ്രിന്റർ ലഭിക്കുന്നതിന് കാലതാമസം - ചെലവുതുക 20,018/- രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 41 | സ്ഥാപനത്തിൽ (മൃഗാശുപത്രി) ഇല്ലാത്ത ഉപകരണങ്ങളുടെ പരിപാലനചെലവ്- 2200/- രൂപ നിരാകരിക്കുന്നു | 1-34 |
| 42 | മൃഗാശുപത്രി-സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല | 1-35 |
| 43 | പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ " വീൽസ് " പോർട്ടലിൽ രേഖപ്പെടുത്തിയിട്ടില്ല | 1-36 |
| 44 | ഗുണഭോക്തൃ വിഹിതം മുന്നിരിപ്പ് തുകയുടെ ചെലവുവിവരം ലഭ്യമല്ല | 1-37 |
| 45 | ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടും പദ്ധതി നടപ്പാക്കിയില്ല | 1-38 |
| 46 | ലൈഫ് ഭവന പദ്ധതി - സമയബന്ധിതമായി പണി പൂർത്തിയാക്കുന്നില്ല. | 1-39 |
| 47 | ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകൽ - 150000/-രൂപ തടസ്സം ചെയ്യുന്നു | 1-40 |
| 48 | തുല്യതാ പരീക്ഷ -കോഴ്സ് പൂർത്തിയാക്കേണ്ടതാണ് | 1-41 |

| | | |
|---|---|---|
| 49 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി - അപാകതകൾ | 1-42 |
| 50 | പാഥേയം പദ്ധതി നടത്തിപ്പ് - സർക്കാർ നിർദേശം പാലിച്ചില്ല | 1-43 |
| 51 | ഭരണസമിതി തീരുമാനങ്ങൾ - ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 1-44 |
| 52 | ബഡ്സ് റീഹാബിലിറ്റേഷൻ - പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ് | 1-45 |
| 53 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 3,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-46 |
| 54 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-47 |
| 55 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- വകുപ്പ് വിഹിതം നൽകിയില്ല | 1-48 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സ്ഥാപനത്തിൽ (മൃഗാശുപത്രി) ഇല്ലാത്ത ഉപകരണങ്ങളുടെ പരിപാലനചെലവ്- 2200/- രൂപ നിരാകരിക്കുന്നു | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 18.02.2021 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 229099807/- രൂപയും പ്രതീക്ഷിത ചെലവ് 214497500/- രൂപയും നീക്കിയിരിപ്പ് 14602307/- രൂപയുമാണ്. പരിഷ്കരിച്ച ബജറ്റ് 08/03/2022 ലെ4(3)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ്-അപാകതകൾ

ബജറ്റ് (പരിഷ്കരിച്ചത്) സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവുകളും ബജറ്റ് പ്രകാരമുള്ള വരവുകളും തമ്മിൽ കൂടുതൽ അന്തരം കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| Detailed Head | ഇനം | AFS പ്രകാരമുള്ള വരവ് | ബജറ്റ് പ്രകാരം വരവ് |
|---|---|---|---|
| 110 | ആകെ നികുതി വരുമാനം | 1091120 | 4300000 |
| 130 | നികുതിയേതര വരവുകൾ | 36500 | 350000 |
| 140 | ഫീസ് & യൂസർ ചാർജസ് | 327471 | 617500 |
| 171 | Interest Earned | 3 | 50000 |

വാർഷിക ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 23.05.2022 |

വാർഷിക ധനകാര്യ പത്രിക അപാകതകൾ

1) കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തിയിട്ടില്ല.

2) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

3) 2020-21 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്. ആയത് വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

4) ഹഡ്കോ ലോൺ വായ്പാ രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഹഡ്കോ ലോൺ വായ്പാ രജിസ്റ്ററിൽ ലോൺ മുന്നിരിപ്പ് 54705944/- രൂപയും നീക്കിയിരിപ്പ് 49895278/- രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ യഥാക്രമം 52529472/- രൂപയും 47714001/- രൂപയുമാണ്.

5) വാർഷിക ധനകാര്യ പത്രിക Receipt & Payment RP-40(a), RP-40(b) പ്രകാരമുള്ള വിവിധ അക്കൗണ്ടുകളുടെ (ആകെ 11 എണ്ണം) മുന്നിരിപ്പ് നീക്കിയിരിപ്പ് എന്നിവ 0 ആണ്. പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6) Nationalised Bank-Special Fund ന്റെ നീക്കിയിരിപ്പ് ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 2252/- രൂപയും നീക്കിയിരിപ്പ് Receipt & Payment RP 40(b) പ്രകാരം 2250/- രൂപയാണ്. 2/- രൂപയുടെ വ്യത്യാസം കാണുന്നു.

7) KGB Covid Distress Relief Fund ന്റെ നീക്കിയിരിപ്പ് ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 40686/- രൂപയാണ്. നീക്കിയിരിപ്പ് RP 40(b) പ്രകാരം 40000/- രൂപയാണ്. 686/- രൂപയുടെ വ്യത്യാസം കാണുന്നു.

8) ഡെപ്പോസിറ്റ് രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും (RP (34)) തമ്മിൽ പൊരുത്തപ്പെടുന്നില്ല. Suppliers EMD, Bidders EMD എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരം യഥാക്രമം 12000/-, 37750/- രൂപയും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 15812/-, 38250/- രൂപയുമാണ്.

9) 2021-22 വർഷത്തിൽ MGNREGS ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. മുന്നിരിപ്പായി 1020506.75 രൂപയും 1090458/- രൂപ വരവിനത്തിലും 2110840/- രൂപ ചെലവിനത്തിലും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എ.എഫ്.എസ് പ്രകാരം മുന്നിരിപ്പായി 1029506/- രൂപയും 1080346/- രൂപ വരവിനത്തിലും 87061/- രൂപ ചെലവിനത്തിലും കാണുന്നു.

10) ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട്ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം എന്നിവയുടെ മാർച്ച് മാസത്തിലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11) ബി9 ഷെഡ്യൂളിൽ 350300109 എന്ന ഹെഡിൽ Refund Of Unutilised Grants Of Prior Period ഇനത്തിൽ 139906/- രൂപ മുൻവർഷവും തൻ വർഷവും Liability ആയി കാണുന്നു. ഈ തുക അടവാക്കിയിട്ടില്ല.

12) തൊഴിൽ നികുതി രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമിൽ പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം വരവ് 1124307/- രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരം 1374920/- രൂപയുമാണ്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 14. തീയതി. 15.11.2022) പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണെന്നും വായ്പാ രജിസ്റ്റർ പ്രകാരമുള്ള തുക രേഖപ്പെടുത്തി അപാകത പരിഹരിക്കുന്നതാണെന്നും ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സമർപ്പിക്കുന്നതാണെന്നും വരും വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-2-1 ബിഎംസി അക്കൗണ്ട്- രേഖകൾ ഹാജരാക്കേണ്ടതാണ്

ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ സർക്കാർ സ്ഥാപനത്തിൽ മിയാവാക്കി മാതൃകയിൽ വനവൽക്കരണം നടത്തുന്നതിനായി അനുവദിച്ച തുക നിക്ഷേപിക്കുന്നതിനായി ആരംഭിച്ച അക്കൗണ്ടാണ് ബിഎംസി അക്കൗണ്ട്. ഗ്രാമപഞ്ചായത്തിൽ 16.9.2021 നാണ് SBI, Dhanuvachapuram Branch ൽ (അക്കൗണ്ട് നം 40428053798) ബി എം സി അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത്. ഈ അക്കൗണ്ടിലേക്ക് 16.09.21 ന് 400000/- രൂപ നിക്ഷേപിക്കുകയും മിയാവാക്കി മാതൃകയിൽ വനവൽക്കരണം നടത്തുന്നതിനായി ഐ ടി ഐ, Dhanuvachapuram എന്ന സ്ഥാപനത്തിന് ആദ്യഗഡുവായി 192175/- രൂപ അഡ്വാൻസായി നൽകുകയും ചെയ്തിരിക്കുന്നു. ബി എം സി അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചതിൽ 16.9.2021 ന് ആരംഭിച്ച അക്കൗണ്ട് 7.1.22 ന് 400000/- രൂപയും പലിശയും ഉൾപ്പെടെ 402759/- രൂപ പിൻവലിച്ച് അക്കൗണ്ട് ബാലൻസ് സീറോ ആക്കി മാറ്റിയതായി കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റെസീപ്റ്റ് & പെയ്മെന്റ് RP-47 Loans, Advances Deposits ഷെഡ്യൂളിലെ 460500499 Advance To Other Accredited Agencies എന്ന ഹെഡിൽ (ചെക്ക് നമ്പർ 925976 തീയതി 15.02.2022) 192175/- രൂപ മിയവാക്കി മോഡൽ ഫോറസ്റ്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി അഡ്വാൻസായി നൽകുകയും ചെയ്തിരിക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.48/17.02.2022) ലഭ്യമാക്കിയ മറുപടി പ്രകാരം SBI, ധനുവച്ചപുരം ശാഖയിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുക ഗ്രാന്റിനത്തിൽ ലഭിച്ചതായതിനാൽ സർക്കാരിൽ നിന്നോ ബന്ധപ്പെട്ട ഏജൻസിയിൽ നിന്നോ കത്ത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് കെ.എസ്.ബി.ബി. മെമ്പർ സെക്രട്ടറി 01.02.2022 ന് കത്ത് നൽകിയിരുന്നു. എന്നാൽ പഞ്ചായത്തിന്റെ അപേക്ഷയോ യാതൊരു മുന്നറിയിപ്പോ കൂടാതെ ബാങ്ക് അക്കൗണ്ട് അവസാനിപ്പിച്ച് ബാക്കി തുകയായ 2,10,584/- രൂപ DD യായി സൂക്ഷിച്ചിട്ടുണ്ടെന്ന് ഇ-മെയിൽ സന്ദേശം 30.03.2022 ന് പഞ്ചായത്തിൽ അറിയിച്ചുവെന്നും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ ഉദിയൻകുളങ്ങര ശാഖയിൽ അക്കൗണ്ട് 16.05.22 ന് ആരംഭിച്ച് 21.05.22 ന് ബാക്കി തുക ട്രാൻസ്ഫർ ചെയ്തുവെന്നും അറിയിച്ചിരിക്കുന്നു. അക്കൗണ്ട് തുടങ്ങിയതിന്റെ (ബാങ്ക് പാസ്സ്ബുക്ക്) രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-2-2 B-18 ഷെഡ്യൂൾ- മുൻകൂർ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂളിലെ Loans, Advances, And Deposits എന്നിവയിലെ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനുള്ളവ എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് കോഡ് | ഇനം | BS-18 (AFS 2020-21) | Expenditure (21-22) | BS-18 (AFS 2021-22) | Remarks |
|---|---|---|---|---|---|---|
| 1 | 460100101 | Festival Advance | | | 15,000 | നാളിതുവരെ തിരിച്ചുപിടിച്ചിട്ടില്ല. |
| 2 | 460100199 | Other Advances | | 0 | 16450 | സാക്ഷരതാ പ്രേരകിന്റെ ഓണറേറിയം നാളിതുവരെ തിരിച്ചീടാക്കിയിട്ടില്ല. |
| 3 | 460500201 | Advance To Implementing Agencies- Deposit With Kerala Water Authority | 150,000 | 502500 | 652500 | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 4 | 460500202 | Advance To Implementing Agencies- Deposit With Kerala Electricity Board | 2458777 | 46788 | 2458777 | തൻവർഷം നല്കിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 5 | 460500204 | Advance To Implementing Agencies- Deposit With Ground Water Dept | 165000 | 0 | 165000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 6 | 460500205 | Advance To Implementing Agencies- Deposit With Public Works Dept | 5000 | 0 | 5000 | ഏതു പ്രവൃത്തിയ്ക്കായി തുക നൽകിയതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല, തുക ക്രമീകരിച്ചിട്ടില്ല. |
| 7 | 460500499 | Advance To Other Accredited Agencies | 160000 | 192175 | 352175 | തൻവർഷത്തെ തുക Advance Given For Development Of Miyavaki Model Forest Unit In ITI Dhanuvachapuram, എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുൻവർഷത്തെ തുക ചെലവഴിച്ച പ്രവൃത്തിയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. |
| 8 | 460500501 | Advance To Implementing Offices | 0 | 0 | 54723 | Headmistress, UPS Manchavilakam നല്കിയിരിക്കുന്നു. ക്രമീകരിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കേണ്ടതാണ്. |
| 9 | 460509901 | Advance To Others | 548856 | 0 | 1571934 | MGNREGS ന്റെ Staff Salary, Allowances, Office Expenses, എന്നിവയ്ക്കായി ചെലവഴിച്ചിരിക്കുന്നു. |

ക്രമ നം. (1) ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

ക്രമ നം. 2, 8, 9 എന്നിവയിലെ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി ക്രമീകരിക്കേണ്ടതാണ്.

ക്രമ നം. 3, 4, 5, 6 എന്നിവ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 46/ 17.11.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-2-3 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാനും, പരുത്തിവിള അംഗൻവാടി പോസ്റ്റ് വൈദ്യുതി കണക്ഷൻ നല്കുന്നതിനുമായി കെ എസ് ഇ ബിയ്ക്ക് ഡെപ്പോസിറ്റായി 46,788/- രൂപ നൽകിയിട്ടുണ്ട്. സ്ഥാപനം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. എന്നാൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റിൽ (B-18 ഷെഡ്യൂളിൽ) ഉൾപ്പെടുത്തിയിട്ടുമില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 46/17.11.22) മറുപടി നല്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത തുക ബാലൻസ് ഷീറ്റിൽ

ഉൾപ്പെടുത്തേണ്ടതാണ്.

## 1-2-4 Liability തുകകൾ അടവുവരുത്തുന്നില്ല

ബി9 Other Liabilities (Sundry Creditors) ഷെഡ്യൂളിൽ 350300109 എന്ന ഹെഡിൽ Refund Of Unutilised Grants Of Prior Period ഇനത്തിൽ 1,39,906/- രൂപ മുൻവർഷവും തൻ വർഷവും Liability ആയി കാണുന്നു. ഈ തുക അടവാക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/17.11.22) മറുപടി ലഭ്യമാക്കി. ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം - അപാകതകൾ

ഗ്രാന്റ് വിനിയോഗം -അപാകതകൾ

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 9849267 | 9849267 | 15403999 | -5554732 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8750621 | 8750621 | 8156031 | 594590 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 6987824 | 6987824 | 5764112 | 1223712 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3384277 | 3384277 | 2739754 | 644523 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7216700 | 7216700 | 6348950 | 867750 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4326406 | 4326406 | 2843508 | 1482898 |

A) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 9849267 | 9846753 | 2514 |
| | Grant Statement | 9849267 | 15403999 | -5554732 |
| Development Fund (SCP) | ACR | 8750621 | 8373746 | -376875 |
| | Grant Statement | 8750621 | 8156031 | 594590 |

വികസനഫണ്ട് ജനറൽ ബാലൻസ് തുക നെഗറ്റീവ് ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റും ACR ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 23. തീയതി. 16.11.2022) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ട്രഷറിയിൽ നിന്ന് മാറുന്ന ബില്ലുകൾക്ക് പുറമേ ജി.ഒ പ്രോജക്ടുകൾ ചെയ്ത ചെലവുകൾ ഉൾപ്പെടുന്നതുകൊണ്ടാണ് വ്യത്യാസം വരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം - അപാകതകൾ

വാർഷിക ധനകാര്യ പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | 2020-21 B4 പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, RP-31 പ്രകാരം വരവ് | ആകെ | 2021-22ലെ B4 ഷെഡ്യൂൾ പ്രകാരം നീക്കിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2428170/- | 2495088/- | 4923258/- | 1657384/- |
| ജില്ലാ പഞ്ചായത്ത് | 1213115/- | 2096949/- | 3310064/- | 172315/- |

സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് വിനിയോഗ സ്റ്റേറ്റ്മെൻറ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതം 7297334/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതം 18627750/- രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിഹിതം 2495088/- രൂപയും ജില്ല പഞ്ചായത്തിൽ നിന്നുള്ള വിഹിതം 2096949/-രൂപയുമാണ്.

## 1-4 പദ്ധതി അവലോകനം

1)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 212 | 129876008 | 176 | 89858191 | - | 36 | 69 |

തൻവർഷം നടപ്പാക്കുന്നതിന് 212 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 176 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയുടെ 69% തുക ചെലവഴിച്ചിട്ടുണ്ട്.

ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പദ്ധതി നടപ്പാക്കുന്നതിനാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. ആയതു നടപ്പാക്കിയിട്ടില്ല.

ഗാർഹിക ശൗചാലയ നിർമ്മാണം (201/22) പദ്ധതിയ്ക്ക് 12,32,000/- രൂപ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചില്ല. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ തുക ഗുണഭോക്താക്കൾക്ക് നൽകുവാൻ കഴിയുകയുള്ളൂ എന്നും പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ച ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാലാണ് തുക ചെലവാകാത്തതെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.05 തീയതി 14.11.2022 ന്റെ മറുപടി).

പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലത്ത് കൈവരിക്കേണ്ട നേട്ടങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പരാമർശിച്ചിരിക്കുന്നു.

(എ) എയ്യുകൊണ്ടാൻകാണി പി എച്ച് സി സബ്സെന്ററിന് സ്വന്തമായി ഭൂമിയും കെട്ടിടവും എന്ന ലക്ഷ്യം കൈവരിക്കുക.

(ബി) വൃദ്ധജന സംരക്ഷണത്തിന് പ്രത്യേകം മന്ദിരങ്ങൾ നിർമ്മിക്കുക.

(സി) സാങ്കേതിക അറിവ്, നാട്ടറിവുകൾ എന്നിവ പൊതുജനങ്ങൾക്ക് എത്തിക്കുന്നതിന് വാർഡുകൾ കേന്ദ്രീകരിച്ച് വിജ്ഞാനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

(ഡി) 11, 20 നമ്പരുകളിലുള്ള അംഗൻവാടികളിൽ കുടിവെള്ളം ലഭ്യമാക്കുക

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് 17.11.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.36 മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ വികസനം ലക്ഷ്യമിട്ട് എടുക്കുന്ന തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 ക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പെൻഷനുകളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 9819300 | 608 |
| വിധവാപെൻഷൻ | 18110700 | 1191 |
| വാർദ്ധക്യകാല പെൻഷൻ | 34179100 | 2385 |
| വികലാംഗ പെൻഷൻ | 6348900 | 405 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 341700 | 22 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-5-1 സർവ്വീസ് പെൻഷൻ വാങ്ങുന്ന വ്യക്തികൾ അനർഹമായി തുക കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ 04.03.2021 -ലെ PAN/2566/2020-DBT1(DP) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. വിശാദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് |
|---|---|---|
| 1 | 102840200608 | സുഭദ്രാമ്മ |
| 2 | 102840200761 | ശാന്തകുമാരി |
| 3 | 102840201437 | ലളിതാംബിക ദേവി |
| 4 | 102840201446 | സരോജിനി പി എൽ |
| 5 | 102840201585 | പങ്കജം ബി |
| 6 | 102840201653 | വേലായുധൻ എം |

| | | |
|---|---|---|
| 7 | 102840201717 | സ്റ്റെല്ലാ |
| 8 | 102840201844 | വേലപ്പൻ |
| 9 | 102840202027 | ലീലാവതി കെ |
| 10 | 102840202138 | മേഴ്സി ബായി |
| 11 | 10284040038 | നാഗപ്പൻ നായർ |
| 12 | 102840400202 | സുധാകുമാരി |
| 13 | 102840601007 | നിർമ്മല |
| 14 | 102840601182 | കൃഷ്ണമ്മ ബി |
| 15 | 102840601219 | കനകമ്മ ജെ |
| 16 | 102840601221 | ലില്ലി |
| 17 | 102840601252 | ശ്യാമള |
| 18 | 102840601260 | വസന്ത |

ഗുണഭോക്താക്കൾ അനർഹമായി പെൻഷൻ ഇനത്തിൽ കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായി അനർഹമായി കൈപ്പറ്റിയ തുക ഈടാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (എൻക്വയറി നം. 20/15.11.2022) നൽകിയിരിക്കുന്നു. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2022 തീയതിയിൽ 3 PM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10208/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം താഴെപറയുന്ന നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ നടന്നതായുള്ള രേഖകൾ ലഭ്യമാക്കിയില്ല.

2) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും ആയതു നടപ്പാക്കിയിട്ടില്ല.

3) വസ്തു നികുതി നിർണയം സംബന്ധിച്ച അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ ആവശ്യമാണ്.

4) സാമൂഹ്യ സുരക്ഷ പെൻഷനുകൾ മരണശേഷവും വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) ഘടക സ്ഥാപനങ്ങളിലെ ഭരണപരായ ചെലവുകൾ നിയമവിധേയവും സുതാര്യവുമാകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

6) പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വാങ്ങലുകൾക്ക് സർക്കാർ നിർദേശാനുസരണമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ഘടകസ്ഥാപനങ്ങൾക്ക് ഉൾപ്പെടെ ആവശ്യകത നിർണ്ണയിക്കുകയും Cprcs പോർട്ടൽ മുഖേന ആവശ്യമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങേണ്ടതുമാണെന്ന സർക്കാർ നിർദേശം പാലിച്ചിട്ടില്ല.

7) അംഗീകൃത അംഗീകാര സ്ഥാനങ്ങളിൽ നിന്നും വാല്യുവേഷൻ, പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഇല്ലാതെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്ററിൽ നടന്ന നവീകരണ പ്രവർത്തനങ്ങൾക്ക് തുക നൽകിയിരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലിന്റെ അഭാവത്തിലും തുക നൽകിയിരിക്കുന്നു.

8) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-8 എൻ.ആർ.ഇ.ജി.എസ് - വരവ് ചെലവുകളുടെ വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1029506 | 1080346 | 2109852 | 87061 | 2022791 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 102508631 | 102508631 | 102508631 | 0 |
| ആകെ | 1029506 | 103588977 | 104618483 | 102595692 | 2022791 |

2021-22 വർഷത്തിൽ MGNREGS ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. മുന്നിരിപ്പായി 1020506.75/- രൂപയും 1090458/- രൂപ വരവിനത്തിലും 2110840/- രൂപ ചെലവിനത്തിലും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എ.എഫ്.എസ് പ്രകാരം മുന്നിരിപ്പായി 1029506/- രൂപയും 1080346/- രൂപ വരവിനത്തിലും 87061/- രൂപ ചെലവിനത്തിലും കാണുന്നു. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.12.2021 – 10.12.2021 | 01.01.2021–31.07.2021 | 20.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.11.2019 – 10.12.2019 | 2014-15 - 2018-19 | 09.01.2020 |

## 1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2021-22 വർഷത്തെ ട്രേഡ്സ് രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന 198 സ്ഥാപനങ്ങളിൽ 166 സ്ഥാപനങ്ങൾക്കാണ് 21-22 വർഷം ലൈസൻസ് നൽകിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/16.11.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 തൊഴിൽ നികുതി - അപാകതകൾ

തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷം സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും തൻവർഷം ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഐശ്വര്യ ഓഡിറ്റോറിയം | I & II Half |
| 2 | മഞ്ചവിളാകം ക്ഷീരോത്പാദക സഹകരണ സംഘം | I & II Half |

നിയമപ്രകാരമുള്ള നികുതികൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും

വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ച നൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 24/ 16.11.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ CSA-764-2019-ാം നമ്പർ കത്തു പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലായെന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 ഷോപ്പിംഗ് കോംപ്ലക്സ് - വാടക തുക ലഭ്യമായില്ല

"രജിസ്റ്റർ ഓഫ് റെന്റഡ് ബിൽഡിംഗ്സ് " എന്ന രജിസ്ററർ പ്രകാരം പഞ്ചായത്തിലെ കൊറ്റാമം ഷോപ്പിംഗ് കോംപ്ലക്സിലെ 10-ാം നമ്പർ കടമുറി 2021-22 വർഷം വാടകയ്ക്ക് നൽകിയിരുന്നത് സന്തോഷ് കുമാർ, ( കൈലാസ് ഫ്ലവർമിൽ ) എന്ന വ്യക്തിയ്ക്കാണ്. പ്രതിമാസം 3953/- (GST Extra) രൂപ നിരക്കിലാണ് വാടക കണക്കാക്കിയിരിക്കുന്നത്. 2021-22 വർഷം ടിയാൻ വാടകതുക അടവാക്കാത്തതിനാൽ പിഴയിനത്തിലുള്ള തുക കൂടി ഉൾപ്പെടുത്തി 61,974/- രൂപയ്ക്ക് റവന്യൂ റിക്കവറിയ്ക്ക് നോട്ടീസ് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽകിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് 47,436/- രൂപയാണ്. പ്രസ്തുത തുക പഞ്ചായത്തിന് നാളിതുവരെ ലഭ്യമായിട്ടില്ലായെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 30/ 16.11.2022 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കെട്ടിടത്തിന്റെ ഉപയോഗക്രമം നിർണയിച്ച രേഖകൾ ലഭ്യമാക്കിയില്ല

സഞ്ചയയിൽ നിന്നും ലഭ്യമായ ആശുപത്രികളുടെ ലിസ്റ്റ് പ്രകാരം 13/165/A, സെക്രട്ടറി, Seventhday Adventist (വിസ്തീർണം എന്ന കെട്ടിടം 86ച.മീ, അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീ. ന് 8(രൂപ) ആശുപത്രികൾ എന്ന ഗണത്തിൽ ഉൾപ്പെട്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ പ്രകാരം പ്രസ്തുത ആശുപത്രി കെട്ടിടത്തിന്റെ ലൈസൻസ് എടുക്കുകയോ, പുതുക്കുകയോ ചെയ്തിട്ടില്ല. 2018 ആദ്യ അർദ്ധവർഷം മുതലാണ് കെട്ടിടത്തിന് നികുതി നിർണയിച്ചിരിക്കുന്നത്. നികുതി നിർണയവുമായി ബന്ധപ്പെട്ട ഫോം 2, Form 6, ഫീൽഡ് പരിശോധന റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 42/17.11.2022), അന്വേഷണത്തിൽ ടി കെട്ടിടം ആശുപത്രി അല്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും അടിയന്തിരമായി സൈറ്റ് പരിശോധന നടത്തി ആവശ്യമായ തിരുത്തലുകൾ പഞ്ചായത്ത് രേഖകളിൽ വരുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി.

കെട്ടിട നികുതി നിർണയത്തിൽ അപാകതകൾ പരിഹരിച്ച് നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതും രേഖകൾ സഹിതം ഓഡിറ്റിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ്- രജിസ്റ്ററിലെയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2021-22 സാമ്പത്തിക വർഷം 72 അപേക്ഷകർക്ക് 21.12.2021 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ വിമുക്ത ഭടൻമാരുടെ വീടുകൾക്കുള്ള വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം 308 പേർക്കാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കിയിരിക്കുന്നത്. വാർഡ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ എണ്ണം | |
|---|---|---|
| | സഞ്ചയ പ്രകാരം | ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിതീരുമാനം, സത്യവാങ്മൂലം എന്നിവ പ്രകാരം |

| | | |
|---|---|---|
| 1 | 12 | 4 |
| 2 | 45 | 6 |
| 3 | 24 | 4 |
| 4 | 12 | 6 |
| 5 | 11 | 0 |
| 6 | 4 | 1 |
| 7 | 17 | 5 |
| 8 | 16 | 5 |
| 9 | 24 | 5 |
| 10 | 20 | 3 |
| 11 | 5 | 2 |
| 12 | 15 | 11 |
| 13 | 16 | 5 |
| 14 | 23 | 6 |
| 15 | 39 | 6 |
| 16 | 25 | 3 |
| ആകെ | 308 | 72 |

2. സഞ്ചയ പ്രകാരം സുനിൽ കുമാർ.ജി (വൈഷ്ണവം, ആമോട്ടുകോണം, ചായ്ക്കോട്ടുകോണം .പി.ഒ, 695122) എന്ന വ്യക്തിയുടെ രണ്ട് വീടുകൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. (കെട്ടിട നം 158,158A). എന്നാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെയാണ്. 158-ാം നമ്പർ വീടിന്റെ വസ്തുനികുതി ഒഴിവാക്കിയിരിക്കുന്നത്.

3. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുമുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിട നം. |
|---|---|
| ശൈലജ,<br>ലക്ഷ്മി വിലാസം, ആമോട്ടുകോണം, ചായ്ക്കോട്ടുകോണം .പി.ഒ, 695122 | 1/21 |
| റൈമൺ റോസ്,<br>ആർ.എസ്.സദനം, ഓണംക്കോട്, ചായ്ക്കോട്ടുകോണം .പി.ഒ, 695122 | 1/24 |
| അയ്യപ്പൻ നായർ,<br>കാർത്തിക കളത്തറയ്ക്കൽ, ചായ്ക്കോട്ടുകോണം, ചായ്ക്കോട്ടുകോണം .പി.ഒ, 695122) | 1/147 |

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 42/17.11.2022).

## 1-15 വികസന പെർമിറ്റ് അനുവദിച്ചത്- തുടർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തിട്ടില്ല

2021-22 സാമ്പത്തിക വർഷം ശ്രീ. ജി.എസ് സജിൻ, ദീപിക, ശ്രീ. സജിതം, പറവോട്ടുകോണം, ധനുവച്ചപുരം .പി.ഒ എന്ന വ്യക്തിയ്ക്ക് കെട്ടിട നിർമാണത്തിനായുള്ള ഭൂവികസനത്തിന് 13.12.2021 ൽ എ3/5586/2021-ാം നമ്പരായി നിബന്ധനകൾക്ക് വിധേയമായി ഡെവലപ്മെന്റ് പെർമിറ്റ് നൽകിയിരുന്നു. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ലഭ്യമായതിനുശേഷം മാത്രമേ മണ്ണ് നീക്കം ചെയ്യാൻ പാടുള്ളൂ എന്നും ജിയോളജി വകുപ്പിന്റെ അനുമതി ലഭിച്ച വിവരം, മണ്ണ് നീക്കം ചെയ്ത വിവരം എന്നിവ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും, അനുവദനീയമായ Earth Removing Section In Land Development Area -291.04m3 ആണെന്നുമുള്ള നിബന്ധനകൾ കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സംബന്ധിച്ച വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 42/17.11.2022) രേഖകൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഈ വിഷയത്തിലെ തുടർനടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി - കുടിശ്ശിക തുക നാളിതുവരെ ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ ബി.എസ്.എൻ.എൽ ന്റെ മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം). വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | കെട്ടിട നം. | കുടിശ്ശിക | കാലയളവ് |
|---|---|---|---|
| ബി.എസ്.എൻ.എൽ | 4/277 | 16410 | 2013-14 മുതൽ 2017-18 വരെ |

നാളിതുവരെ കുടിശ്ശിക തുക ഈടാക്കാത്തതിന് കാരണവും തുക ഈടാക്കുന്നതിന് പഞ്ചായത്തിൽ നിന്നും സ്വീകരിച്ച

നടപടികളുടെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം 42/17.11.2022) "ബി.എസ്.എൻ.എൽ 4/277 നമ്പർ കെട്ടിടത്തിന് കെട്ടിടനികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് നിലവിൽ പ്രോസിക്യൂഷൻ നടപടിയിലാണ് " എന്നാണ് മറുപടി ലഭ്യമാക്കിയത്.

കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 പാരാമെഡിക്കൽ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ

പാരാമെഡിക്കൽ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ, ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

| വരവ് | രജിസ്റ്റർ പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| Registration Fee For Paramedical Institutions | 1400 | 550 |
| Registration Fee From Tutorial Institutions | 600 | 800 |

- 2021-22 വർഷത്തെ എല്ലാ അപേക്ഷകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.
- രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-18 ബിൽഡിംഗ് പെർമിറ്റ്- അപാകങ്ങൾ

- പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

സർക്കുലർ നം ആർ.എ 1/444/2019- തസ്വഭവ തീയതി 29.01.2020 പ്രകാരം കെട്ടിട നിർമാണ അപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതും ഇത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ രജിസ്റ്ററിൽ എല്ലാ കോളങ്ങളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഉദാ- അസസ്മെന്റ് നം (കോളം നം 19) , If Permit Is Refused Grounds For Refusal ( കോളം നം 22), Nature Of Disposal And Date (കോളം നം 23) എന്നീ കോളങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

തുടർന്നുള്ള അപേക്ഷകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 45/ 17.11.2022) മറുപടി ലഭ്യമാക്കി.

വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

- പെർമിറ്റ്, നമ്പറിംഗ് ഒറ്റ ഫയലായി ക്രമീകരിക്കുന്നില്ല

02.12.2015- ലെ സർക്കുലർ നം. 12900/ആർ/2015/തസ്വഭവ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ ഉടങ്ങിയവ ഒറ്റ ഫയലായി ക്രമീകരിക്കേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നികുതി നിർണ്ണയം വരെയുള്ള രേഖകൾ ഒരുമിച്ച് സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 45/ 17.11.2022) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഒറ്റ ഫയലായി സൂക്ഷിക്കുന്നതിന് ശ്രദ്ധിച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നികുതി നിർണ്ണയം വരെയുള്ള രേഖകൾ ഒരുമിച്ച് സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഓഡിറ്റോറിയം വരവ് - അപാകങ്ങൾ

പഞ്ചായത്തിന്റെ കീഴിലുള്ള ധനശ്രീ ഓഡിറ്റോറിയത്തിന്റെ വരവുകൾ Rent From Auditoriums And Halls എന്ന ലെഡ്ജറിലാണ് (130300101) രേഖപ്പെടുത്തിയിരിക്കുന്നത്.

വരവിന്റെ അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- ധനകാര്യപത്രിക പ്രകാരം 2021-22 ലെ വരവ് 36,500/- രൂപയാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
- രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന വരവുകൾ Rent From Auditoriums And Halls എന്ന ലെഡ്ജറിൽ ഉൾപ്പെട്ടിട്ടില്ല.

| രസീത് നം., തീയതി | വരവ് തുക | തുക അടവാക്കിയ വ്യക്തി |
|---|---|---|
| 12103100860/06.09.21 | 2000 | ശ്രീകുമാരൻ നായർ |
| 12103100936/ | 2000 | സുധാകരൻ |
| 12103102633/14.12.21 | 1500 | കൊല്ലയിൽ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |

പ്രസ്തുത തുകകൾ വരവ് വച്ച ഹെഡിന്റെ വിവരം, വർഷാവസാനം അപാകതകൾ പരിഹരിച്ച് തുക ക്രമീകരിക്കാത്തതിന് കാരണം എന്നിവ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 34/ 16.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-20 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു

ഗ്രാമപഞ്ചായത്തിൽ അസി. എഞ്ചിനീയർ നടപ്പാക്കിയ നിരവധി പ്രോജക്ടുകളിൽ എസ്റ്റിമേറ്റ് അംഗീകാരം ലഭ്യമായി പ്രവൃത്തി ആരംഭിച്ചശേഷം ചില ഐറ്റങ്ങൾ ഒഴിവാക്കിയും ചില ഐറ്റങ്ങൾ ഉൾപ്പെടുത്തിയും പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ് ചെയ്ത പ്രോജക്ടുകളുടെ ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് |
|---|---|
| 188/22 | ടേക്ക് എ ബ്രേക്കിൽ ബോർവെൽ നിർമ്മാണം |
| 196/22 | ടേക്ക് എ ബ്രേക്കിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ |
| 215/22 | ആയുർവേദ ഡിസ്പെൻസറിയിൽ സ്റ്റോർ പുനരുദ്ധാരണം |
| 134/22 | സി.എഫ്.എൽ.ടി.സി ടോയ്‌ലറ്റ് നിർമ്മാണം |
| 136/22 | ചെറുവിതാംകുളം മുറിയറവിളാകം കുടിവെള്ളപദ്ധതി (സ്പിൽഓവർ) |
| 137/22 | ടേക്ക് എ ബ്രേക്ക്-കൊല്ലയിൽ വിശ്രമകേന്ദ്രം (സ്പിൽഓവർ) |
| 58/22 | കാലാക്കുഴി പത്തവൻകോട് റോഡ് നിർമ്മാണം |
| 187/22 | പി.എച്ച്.സി-യിൽ സോക്ക് പിറ്റ് നിർമ്മാണവും ഇന്റർലോക്കിംഗും |
| 99/22 | പുതുവൽ ചെക്കാലവിള ഓട പുനരുദ്ധാരണം |
| 55/22 | കുഴിവിള മേലെ നാഗോട്ടുകോണം റോഡ് പാർശ്വഭിത്തി നിർമ്മാണം |

ഭൗതിക സാഹചര്യങ്ങളിലെ വ്യത്യാസം കാരണമോ, കാലാവസ്ഥ വ്യതിയാനം കാരണമോ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ സൈറ്റിലെ സാഹചര്യം മാറുന്നതിനാലാണ് എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ടതായി വന്നിട്ടുള്ളതെന്നാണ് മറുപടിയായി (എൻക്വയറി നം. 32) അറിയിച്ചിട്ടുള്ളത്. ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിൽ സൈറ്റ് കണ്ടീഷൻ നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെടാത്തതിനാലാണ് പദ്ധതി റിവൈസ് ചെയ്യേണ്ടി വരുന്നത്. 2012 PWD Manual ഖണ്ഡിക 1601.1.1 ലെ നിർദ്ദേശങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ പാലിച്ചു കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങളും സർക്കുലറുകളും പാലിച്ചുകൊണ്ട് പ്രവൃത്തി നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച മരാമത്ത് പ്രവൃത്തികളിലെ -അപാകതകൾ

ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ നിർവഹിച്ചതിൽ സർക്കുലർ നം. 1/1559 /2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 133/22 |
| പ്രോജക്ടിന്റെ പേര് | മാങ്കോട്ടുക്കോണം പാലപ്പള്ളി അംഗനവാടി നിർമ്മാണം (സ്പിൽ ഓവർ) |
| അടങ്കൽ തുക | 266000 |
| ചെലവ് തുക | 250644 |
| ബിൽ നം/തീയതി | 7/21-22 തീ-16.09.2021 |
| കൺവീനർ | കുമാരി കവിത |

| | |
|---|---|
| പ്രോജക്ട് നം | 205/22 |
| പ്രോജക്ടിന്റെ പേര് | വി,ഇ.ഒ ഓഫീസിൽ മേൽക്കൂര പ്ലാസ്റ്ററിംഗ് |
| അടങ്കൽ തുക | 42000 |
| ചെലവ് തുക | 49975 |
| ബിൽ നം/തീയതി | 49/21-22, 31.03.2022 |
| കൺവീനർ | സെൽവരാജ് |

| | |
|---|---|
| പ്രോജക്ട് നം | 191/22 |
| പ്രോജക്ടിന്റെ പേര് | കാട്ടുകുളം സംരക്ഷണം |
| അടങ്കൽ തുക | 48000 |
| ചെലവ് തുക | 47913 |
| ബിൽ നം/തീയതി | 284/ 09.02.2022 (CFC -ACR) |
| കൺവീനർ | ഷിബു .ജി.ആർ |

| | |
|---|---|
| പ്രോജക്ട് നം | 191/22 |
| പ്രോജക്ടിന്റെ പേര് | ഗവ.ഗേൾസ് ഹൈസ്കൂൾ മെയിന്റനസ് |
| അടങ്കൽ തുക | 50750 |
| ചെലവ് തുക | 50606 |
| ബിൽ നം/തീയതി | 419/ 30.03.2022 (CFC -ACR) |
| കൺവീനർ | ബാഹുലേയൻ (എച്ച്.എം) |

1) ഗുണഭോക്തൃ സമിതികൾ ആകെ ഒരു തവണ (കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പിന് ) മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ് ചെലവു കണക്കുകളുടെ പരിശോധന എന്നിവയൊന്നും ഗുണഭോക്തൃ സമിതി വിലയിരുത്തുകയോ, യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

2) ഗുണഭോക്തൃസമിതി കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിലൂടെ തുക അനുവദിക്കുന്നതിനു പകരം കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലാണ് ബിൽ തുക അനുവദിച്ചു നൽകിയത്.

3) പ്രവൃത്തികൾക്കായി വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4) കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിനജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

എൽ.എസ്.ജി.ഡി ഓഫീസിൽ ക്യാബിൻ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഫയലുകൾ മാറ്റിയതിനാൽ രേഖകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായതായും ആയവ കണ്ടെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 18). സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് നിർവഹണം നടത്തേണ്ടതും മേൽ മരാമത്ത് പ്രവൃത്തികളുടെ ചെലവുരേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-22 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല- 12532/- രൂപയുടെ അധികച്ചെലവ്

ജി.ഒ (പി)30/2016 ഫിൻ തീയതി. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/തസ്വഭവ തീയതി. 16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | അടങ്കൽ, എം ബുക്ക് | ചെലവ് | കൺവീനർ | നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| മാങ്കോട്ടുക്കോണം പാലപ്പള്ളി അംഗനവാടി നിർമ്മാണം (സ്പിൽ ഓവർ) | 266000 748/20-21 | 250644 (7/21-22 തീ-16.09.2021) | കുമാരി കവിത | ആകെ പ്രവൃത്തി മൂല്യം 250644 രൂപ<br>(-)IT2% 5013<br>(-)KCWWF .99% 2481<br>(-)1%ofKCWWF 25<br>ആകെ - 243125 | ആകെ പ്രവൃത്തി മൂല്യം<br>250644<br>(-)OH5% - 12532<br>ബാക്കി 238112<br>((-)IT2% 5013<br>(-)KCWWF .99% 2481<br>(-)1%ofKCWWF 25<br>ആകെ -230593 | 12532 |

മേൽ പ്രവൃത്തിക്ക് അധികമായി നൽകിയ തുക 12532/- രൂപ കൺവീനറിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/15.11.2022) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നം. DB-9058/17/CE/LSGD Dated 16.03.2018 കത്തിൻമേൽ സർക്കുലറോ, ഉത്തരവോ നൽകാത്തതിനാലാണ് 5% കുറവ് ചെയ്യാതെ ബിൽ തുക അനുവദിച്ചതെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-23 കമ്പ്യൂട്ടർ വാങ്ങൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എൽ.എസ്.ജി.ഡി. വിഭാഗത്തിന് കമ്പ്യൂട്ടർ വാങ്ങൽ |
| പ്രോജക്ട് നം. | 167/22 |
| അടങ്കൽ തുക | 100000 |
| ചെലവ് തുക | 100000 |
| ബിൽ നം-/ തീയതി | 26/21-22, 19.01.2022 |

പ്രസ്തുത പ്രോജക്ട് പ്രകാരം ടെൻഡർ മുഖേന മൈക്രോചിപ്പ് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. ജി.ഒ(പി) നം10/2019/എസ്.പി.ഡി തീയതി 22.08.2019 പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി. സർക്കുലർ നം-ഐ.ടി.സെൽ-1/26/2019 /വി.സ.വ തീയതി 18.03.2019 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും CPRCS മുഖേന വാങ്ങുന്നത് നിർബന്ധമാക്കി. പ്രസ്തുത നിബന്ധന പാലിക്കാതെ ടെൻഡർ മുഖേന കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-17/22-ന് പെർമിറ്റ് ഫയൽ പരിശോധിക്കുന്നതിനും, ബിൽ തയ്യാറാക്കുന്നതിനും അടിയന്തിരമായി കമ്പ്യൂട്ടർ ആവശ്യമായതിനാലാണ് ടെൻഡർ മുഖേന വാങ്ങേണ്ടി വന്നതെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. ഇത്തരത്തിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018- ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അത്തരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-16/2022-ന് ലഭ്യമാക്കിയ മറുപടിയിൽ ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ലായെന്നും പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനും ആസ്തി പരിപാലന കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

## 1-25 ദുരിതാശ്വാസ നിധി പരിപാലനത്തിലെ അപാകതകൾ

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം

പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്തുനിവാസികൾക്ക് അടിയന്തിരസഹായം നൽകുന്നതിനായി ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയ്ക്കായി എസ്.ബി.ഐ, ധനുവച്ചപുരം ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (അക്കൗണ്ട് നം. 39009233278). ഈ വിഷയവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ധനകാര്യപത്രിക പ്രകാരം | 2950 | 6680 | 3000 | 6630 |
| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 2252 | 0 | 2242 |

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ ചട്ടം 3 പ്രകാരം നിധിയിലേയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽ നിന്നോ സർക്കാരിന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽ നിന്നോ തുക കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. എന്നാൽ പഞ്ചായത്തിൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയേക്കാൾ കൂടുതൽ തുക വരവായി ലഭിച്ചിട്ടുണ്ട്.

പ്രസ്തുത വരവ് തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് മുതൽക്കൂട്ടിയിരിക്കുന്നത്. ചട്ടം 5 പ്രകാരം നിധിയിലേയ്ക്ക് നൽകുന്ന സംഭാവനകൾക്ക് സെക്രട്ടറി അല്ലെങ്കിൽ പഞ്ചായത്ത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒപ്പിട്ട രസീത് നൽകേണ്ടതും അത് അച്ചടിച്ച ഫാറത്തിലായിരിക്കേണ്ടതുമാണ്. കൂടാതെ വരവു ചെലവു കണക്കുകൾ രേഖപ്പെടുത്തുന്നതിന് കാഷ് ബുക്ക് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

- നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനായുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനുമായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി ഒരു സബ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നുമാണ് 3000/- രൂപ ധനസഹായം നൽകിയിരിക്കുന്നത്.

2022 മാർച്ച് മാസം ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച സംഭാവനകൾ ഹെഡ് മാറിയാണ് ഫ്രണ്ടോഫീസിൽ നിന്നും രസീത് നൽകിയതെന്നും ആയതിനാലാണ് വരവ് തുക തനത് ഫണ്ട് അക്കൌണ്ടിൽ നിക്ഷേപിച്ചതെന്നും, അപാകത പരിഹരിച്ച് പാസ് ബുക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 7/14.11.22 ) മറുപടി ലഭ്യമാക്കി.

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളനുസരിച്ച് ദുരിതാശ്വാസനിധി പരിപാലിക്കേണ്ടതാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല – 6,25,836/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് | തുക നൽകിയത് |
|---|---|---|---|
| 210/22<br>പരുത്തിവിള അംഗൻവാടിയിൽ പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകൽ | 29570<br>(വികസനഫണ്ട് ജനറൽ) | 29570<br>(ബിൽ നം. 49/26.02.2022) | കെ.എസ്.ഇ.ബി |
| 1/22<br>ഐ കെ എം വിഹിതം നൽകൽ | 76638<br>(പൊതുവിഭാഗം സാധാരണ വിഹിതം) | 76638<br>(ബിൽ നം. 3/23.05.2021) | ഐ.കെ.എം |
| 166/22<br>പ്ലാവണ്ണറക്കുളം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 10 | 510000<br>(തനത് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 502500<br>( ബിൽ നം 373/20.03.22 Rs. 2500<br>ചെക്ക് നം. JVTSB-2307938/21.03.22 Rs. 5,00,000/- ) | കേരള വാട്ടർ അതോറിറ്റി |
| 222/12<br>ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 17218<br>(തനത് ഫണ്ട്) | 17128<br>(ബിൽ നം. 321/28.02.22, Gpf Acr) | കെ.എസ്.ഇ.ബി |

| | | | |
|---|---|---|---|
| ആകെ | | 625836 | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ പ്രോജക്ടുകൾ പ്രകാരമുള്ള ആകെ ചെലവു തുക 6,25,836/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം 4/ 11.11.2022).

## 1-27 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

(എ) പ്രോജക്ട് നം, പേര് - 35 ഗ്രാമപഞ്ചായത്ത് കംപ്യൂട്ടറുകൾക്ക് വാർഷിക സംരക്ഷണ കരാർ

അടങ്കൽ - 20000 ( 34490 - വികസനഫണ്ട് ജനറൽ

165510 തനത് ഫണ്ട്)

ചെലവ് - 138532/- ( Rs 34490 Bill No 51/19.03.22

Rs. 104042/- Bill No 348/16.03.2022 GPF ACR)

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടറുകൾക്ക് വാർഷിക സംരക്ഷണ കരാർ എന്ന പ്രസ്തുത പ്രോജക്ടിനായി കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തുക കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ എ.എം.സി രജിസ്റ്ററിൽ ഇൻവോയിസിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകളില്ല. Name Of Manufacturer, Make And Model, Specifications, Date Of Supply, Warrenty Period തുടങ്ങിയ വിശദാംശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഏത് മാനദണ്ഡപ്രകാരമാണ് എ.എം.സി ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് അംഗീകരിച്ചതെന്ന് വ്യക്തമല്ല.

സർക്കുലർ നം 86/2010/ധന തീയതി 24.09.2010 പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ , സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയാറാക്കി സൂക്ഷിക്കേണ്ടതാണെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കിയിട്ടില്ല.

വാറന്റി കാലയളവിലുള്ള ഉപകരണങ്ങളുടെ വിശദാംശങ്ങൾ, വാറന്റികാലയളവിലില്ലാത്തവ, നിലവിൽ പ്രവർത്തിക്കുന്നവ, പ്രവർത്തനരഹിതമായവ തുടങ്ങിയ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയ രജിസ്റ്റർ കാലികമാക്കി തയാറാക്കി മതിയായ സാക്ഷ്യപ്പെടുത്തലുകളോടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ബി) സ്റ്റോക്ക് രജിസ്റ്റർ പരിപാലനം - അപാകതകൾ

സ്റ്റോർ പർച്ചേസ് മാന്വൽ ഖ.12-22 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ സ്റ്റോക്ക് സ്വീകരിച്ച് ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 ലും സ്റ്റോർ പരിശോധിച്ച് സ്റ്റോക്കിലെടുക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. ആർട്ടിക്കിൾ 158 പ്രകാരം വർഷത്തിലൊരിക്കലെങ്കിലും സ്റ്റോറുകളുടെ പരിശോധനനടത്തേണ്ടതാണ്.

എന്നാൽ സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സപ്ലൈ ചെയ്തുകൊണ്ടുള്ള ബില്ലിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | വാങ്ങിയ ഉപകരണം | ചെലവുതുക |
|---|---|---|
| പഞ്ചായത്ത് ഓഫീസിൽ ക്യാമറ വാങ്ങൽ, 117 | ക്യാമറ | 24,500 |
| പഞ്ചായത്ത് ഓഫീസിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ, 165 | ഫോട്ടോസ്റ്റാറ്റ് മെഷീൻ | 1,48,914 |
| പഞ്ചായത്ത് കമ്മിറ്റി ഹാൾ നവീകരണം, 116/22 | കോൺഫറൻസ് ടേബിൾ | 4,01,200 |

കേരള ഫിനാൻഷ്യൽ കോഡിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സ്റ്റോക്ക് രജിസ്റ്റർ പരിപാലനം കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല- 4,96,176 /-രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ടിന്റെ പേര് - 46/22 തെരുവുടാപ്പുകളുടെ കുടിവെള്ള ചാർജ് അടവാക്കൽ

അടങ്കൽ - 5,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 4,96,176 (ബിൽ നം 8/28.06.21 Rs. 41348/-

ബിൽ നം. 9/28.06.21 Rs. 82696/-

ബിൽ നം. 16/10.08.21 Rs. 41348/-

ബിൽ നം. 20/27.08.21 Rs. 41348/-

ബിൽ നം. 25/17.09.21 Rs. 41348/-

ബിൽ നം. 30/22.10.21 Rs. 41348/-

ബിൽ നം. 34/23.11.21 Rs. 41348/-

ബിൽ നം. 38/31.12.21 Rs. 41348/-

ബിൽ നം. 43/25.01.21 Rs. 41348/-

ബിൽ നം. 48/28.02.22 Rs. 41348/-

ബിൽ നം. 54/25.03.22 Rs. 41348/-

പഞ്ചായത്ത് പരിധിയിലെ തെരുവുടാപ്പുകളുടെ കുടിവെള്ള ചാർജ് അടവാക്കൽ എന്ന പ്രോജക്ട് പ്രകാരം ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെയുള്ള തെരുവുടാപ്പുകളുടെ കുടിവെള്ള ചാർജിനത്തിൽ 4,96,176/- രൂപ അടവാക്കിയിട്ടുണ്ട്. ആകെ പ്രോജക്ട് ചെലവിൽ 4,13,480/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേയ്ക്കും (അക്കൗണ്ട് നം. 67081620535 (IFSC SBIN0070020, SBI Kowdiar) 82,696/- രൂപ തനത് ഫണ്ട് (2 മാസത്തെ വെള്ളക്കരമായ 82,696/- രൂപ തനത് ഫണ്ടിൽ നിന്നും യഥാസമയം ഒടുക്കിയിരുന്നതിനാൽ) അക്കൗണ്ടിലേയ്ക്കും റീക്ലപ്പ് ചെയ്തിരിക്കുന്നു. അടവാക്കിയ തുകയ്ക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല (സെക്രട്ടറി 14.09.2021 ൽ അസി.എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, നെയ്യാറ്റിൻകരയ്ക്ക് നൽകിയ എ2/123/21 -ാം നമ്പർ കത്തിൽ തുകകൾ തങ്ങളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ലായെന്ന് വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്).

ജൂൺ 2021 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം മുന്നിരിപ്പ് പൂജ്യം ആണ്. തുടർന്നുള്ള എല്ലാ മാസങ്ങളിലും വെള്ളക്കരം അടവാക്കിയിട്ടുമുണ്ട്. എന്നാൽ മാർച്ച് 2022 ലെ ഡിമാന്റ് നോട്ടീസിൽ കുടിശ്ശികയിനത്തിൽ 2,63,358/- രൂപ അടവാക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രോജക്ട് പ്രകാരം 2021-22 വർഷം എല്ലാ മാസങ്ങളിലും തുക അടവാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഭീമമായ തുക കുടിശ്ശികയിനത്തിൽ വരാനുള്ള കാരണം വ്യക്തമല്ല.

മേൽക്കാരണങ്ങളാലും കൈപ്പറ്റ് രസീതിന്റെ അഭാവത്തിലും ചെലവുതുക 4,96,176/- രൂപ തടസ്സപ്പെടുത്തുന്നു. കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക ഡിമാന്റിനത്തിലെ തുകയിൽ വ്യക്തതവരുത്തേണ്ടതും യഥാർത്ഥത്തിൽ ഒടുക്കേണ്ട തുകയ്ക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-29 സാംഖ്യ, സുലേഖ – ചെലവുവിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

പ്രോജക്ടിന്റെ പേര് - പ്രോജക്ട് അസിസ്റ്റന്റിന് വേതനം വാങ്ങൽ, 223/22

അടങ്കൽ - 57,000 ( തനത് ഫണ്ട്)

ചെലവ് - 0 (സുലേഖ പ്രകാരം )

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സ.ഉ.(കൈ)1846/2021/LSGD തീയതി 24.09.2021 പ്രകാരം നിർമാണ പ്രവൃത്തികളുടെ ജിയോടാഗിംഗ് നടത്തുന്നതിനും ഇ ഗ്രാമസ്വരാജ് പോർട്ടലിൽ ബില്ലുകൾ തയാറാക്കുന്നതിനുമുള്ള സഹായസംവിധാനത്തിനായി നിയമിക്കേണ്ട പ്രോജക്ട് അസിസ്റ്റന്റുമാരെ നിയമിക്കാൻ ഉത്തരവായിട്ടുണ്ട്. 01.01.2022 ലെ 1(5)ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം പ്രോജക്ട് അസിസ്റ്റന്റിനെ തെരഞ്ഞെടുത്ത് 11,700/- രൂപ (വൗച്ചർ നം. 22101018, ചെക്ക് നം. 1787854 തീയതി 01.02.22) വേതനമിനത്തിൽ നൽകിയിരിക്കുന്നു. എന്നാൽ ചെലവുപത്രിക പ്രകാരം ചെലവ് പൂജ്യം ആണ്.

ജനവരി, ഫെബ്രുവരി മാസങ്ങളിലെ ശമ്പളം തനത് ഫണ്ടിൽ നിന്നും നേരത്തെ നൽകിയതിനാലാണ് സുലേഖയിൽ ബിൽ പ്രോസസ് ചെയ്യാതിരുന്നതെന്നാണ് അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/11.11.2022) മറുപടി ലഭ്യമാക്കിയത്. ചെലവു വിവരങ്ങൾ സംബന്ധിച്ച അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-30 ദൈനംദിന ചെലവുകൾ - അധികം നൽകിയ 1273/- രൂപ തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതി നമ്പർ | എസ് 017/22 |
| പദ്ധതിയുടെ പേര് | കൃഷിഭവൻ ദൈനംദിന ചെലവുകൾ |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | 50000/- (മെയിന്റനൻസ് റോഡിതരം) |
| ചെലവായ തുക | 50000/- |
| ബിൽ നമ്പർ/തീയതി/തുക | 5/21-22 തീയതി 17.01.2022 42118/-<br>7/21-22 തീയതി 16.03.2022 7882/- |

കൃഷി ഭവനിലെ ദൈനംദിന ചെലവുകൾക്ക് ഈ പദ്ധതി തുക വിനിയോഗിക്കുക എന്നതാണ് ലക്ഷ്യം. പ്രിന്റിംഗ് ചാർജ്, വൈദ്യുതി ബിൽ, സ്റ്റേഷനറി സാധനങ്ങൾ, കമ്പ്യൂട്ടർ റിപ്പയറിംഗ്, ഫൈബർ നെറ്റ് കണക്ഷൻ എന്നിവയ്ക്കായി വിനിയോഗിക്കാം എന്നാണ് പദ്ധതിയിൽ പറഞ്ഞിരിക്കുന്നത്. 42118/- രൂപയുടെ ബില്ലിലെ യഥാർത്ഥ ചെലവ് 40845/- രൂപയാണ്. 1273/- രൂപ അധികം നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/15.11.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നൽകിയ 1273/- രൂപ കൃഷി ഓഫീസറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-31 വായ്പ ( ഹഡ്കോ) രജിസ്റ്റർ, ധനകാര്യപത്രിക എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല

വായ്പ (ഹഡ്കോ രജിസ്റ്റർ), വാർഷിക ധനകാര്യപത്രിക എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അവലംബം | മുന്നിരിപ്പ് | വരവ് | തിരിച്ചടവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| രജിസ്റ്റർ | 54705944 | 0 | 4810666 | 49895278 |
| ധനകാര്യ പത്രിക | 52529472 | 0 | 4810666 | 47714001 |

മുന്നിരിപ്പിലെ അപാകത സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും പരിഹരിച്ചിട്ടില്ല.

കൂടാതെ ധനകാര്യ പത്രികയിൽ തൻവർഷത്തെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. 2022-2023 സാമ്പത്തിക വർഷം ILGMS ൽ ഓപ്പണിംഗ് ബാലൻസ് രേഖപ്പെടുത്തുമ്പോൾ വായ്പാ രജിസ്റ്റർ പ്രകാരമുള്ള തുക രേഖപ്പെടുത്തി ടി പിശക് പരിഹരിക്കുന്നതാണെന്ന് അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/ 14.11.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-32 വനവികസന നികുതിയിനത്തിലെ വരവ്തുക 6430/- രൂപ സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല

ധനകാര്യപത്രിക പ്രകാരം 2021-22 വർഷം തടിലേലം ഇനത്തിൽ 1,28,800/- രൂപ വരവുണ്ട്. ലേലക്കാരിൽ നിന്നും വനവികസന നികുതിയിനത്തിൽ 6430/- രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം. 40/17.11.22) .

6430/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-33 വെറ്റിനറി ഡിസ്പെൻസറിയിൽ പ്രിന്റർ ലഭിക്കുന്നതിന് കാലതാമസം - ചെലവുതുക 20,018/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റിന്റെ പേര്, നം. - വെറ്റിനറി ഡിസ്പെൻസറിയിൽ കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, 211/22

അടങ്കൽ - 43323 ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 43323 ( ബിൽ നം. 9/08.03.2022)

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

വെറ്റിനറി ഡിസ്പെൻസറിയിൽ കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം മൾട്ടിഫംഗ്ഷൻ പ്രിന്റർ, യുപിഎസ് എന്നിവ വാങ്ങുന്നതിന് യഥാക്രമം 20,018/- രൂപ, 23305/- രൂപ എന്നിങ്ങനെ ആകെ 43,323/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട് (CPRCS പോർട്ടൽ മുഖേന). എന്നാൽ തുക നൽകി 8 മാസം കഴിഞ്ഞിട്ടും പ്രിന്റർ ലഭ്യമായിട്ടില്ല.

സ.ഉ (സാധാ) നം. 2076/2021/തസ്വഭവ തീയതി 23.10.21 പ്രകാരം CPRCS പോർട്ടൽ മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങുന്നതിനും ഇതുപയോഗിച്ച് ജെം പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രിന്റർ അടിയന്തിരമായി കെൽട്രോണിൽ നിന്നും ലഭ്യമാക്കുകയോ അല്ലാത്തപക്ഷം സർക്കാർ നിർദ്ദേശമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. പ്രിന്റർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ പ്രിന്ററിനുവേണ്ടി ചെലവായ 20,018/- രൂപ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി നം 1/09.11.2022).

## 1-34 സ്ഥാപനത്തിൽ (മൃഗാശുപത്രി) ഇല്ലാത്ത ഉപകരണങ്ങളുടെ പരിപാലനചെലവ്- 2200/- രൂപ നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര്, നം. - മൃഗാശുപത്രിയിലെ ദൈനം ദിന ചെലവുകൾ, 19/2022

അടങ്കൽ - 30,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 30,000/- (ബിൽ നം. 10/24.03.2021, Rs. 5000/-

ബിൽ നം. 7/15.02.2022 Rs. 25000/-)

നിർവഹണ ഉദ്യോഗസ്ഥൻ - ഡോ.പ്രദീപ് .എസ്.വി, വെറ്ററിനറി സർജൻ

മൃഗാശുപത്രിയുടെ ദൈനം ദിന ചെലവുകൾക്കായാണ് പ്രോജക്ട് തുക വകയിരുത്തിയിരുന്നത്. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) സ്ഥാപനത്തിലില്ലാത്ത ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിപാലനത്തിനായി തുക ചെലവിട്ടിരിക്കുന്നു.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പ്രിന്റർ, ഇന്റർനെറ്റ് കണക്ഷൻ എന്നീ ഇലക്ട്രോണിക് സൗകര്യങ്ങൾ സ്ഥാപനത്തിലില്ല. എന്നാൽ വിവിധ വൗച്ചറുകൾ പ്രകാരം ഇതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി (പ്രിന്റർ ടോണർ റീഫില്ലിംഗ്, സർവീസ് ചാർജ്, വൈഫൈ USB Adapator Link) 2200/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവിനം | തുക | വൗച്ചർ നം., തീയതി |
|---|---|---|
| Canon 925toner Powder Refilling | 500 | 15/15.07.2021, തുക 500/- രൂപ |
| Wifi USB Adaptor Dlink 300mbps DWA-131<br>Service Charge<br>Toner Powder 88aMagnum 70 Refilling | 700<br>500<br>500 | 31/07.12.2021, തുക 1700/- രൂപ |
| ആകെ | 2200 | |

ബില്ലുകൾ പ്രകാരമുള്ള തുക നിർവഹണഉദ്യോഗസ്ഥന്റെ അക്കൌണ്ടിലേയ്ക്കാണ് ക്രഡിറ്റ് ചെയ്തിരിക്കുന്നത്. (അക്കൗണ്ട് നം 57021111499, ഐ എഫ് എസ് സി കോഡ്-SBIN0070042). ഇപ്രകാരമുള്ള ചെലവ് സർക്കാർ ഫണ്ടിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ചെലവുതുക 2,200/- രൂപ നിരാകരിക്കുന്നു.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/09.11.200) വാടകയില്ലാതെ താൽകാലികപ്രിന്റർ ആണ് ഉപയോഗിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. മറുപടിയിൽ വ്യക്തതയില്ലാത്തതിനാലും സ്ഥാപനത്തിൽ ഓഡിറ്റ് ടീം നടത്തിയ നേരിട്ടുള്ള പരിശോധനയിൽ പരാമർശിത ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപനത്തിൽ ഇല്ലായെന്ന് ബോധ്യപ്പെട്ടതിനാലും മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

തുക (2,200/- രൂപ) നിർവഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കേണ്ടതുമാണ്.

ബി) ഡിജിറ്റൽ സിഗ്നേച്ചർ, ആദായനികുതി റിട്ടേൺ ഫയലിംഗ് എന്നിവയ്ക്ക് കൂടുതൽ തുക നൽകി

വിവിധ വൗച്ചറുകൾ പ്രകാരം ദേവിക അസോസിയേറ്റ് എന്ന സ്ഥാപനത്തിന് 4200/- രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവിനം | നൽകിയ തുക | വൗച്ചർ നം., തീയതി |
|---|---|---|
| ഡിജിറ്റൽ സിഗ്നേച്ചർ, ദേവികാ അസോസിയേറ്റ്സ് | 3000 | 16/20.07.21 |
| Q2 ഫയലിംഗ്, ദേവികാ അസോസിയേറ്റ്സ് | 600 | 24/29.10.21 |
| Q3 ഫയലിംഗ്, ദേവികാ അസോസിയേറ്റ്സ് | 600 | 35/25.01.22 |

ധനവകുപ്പിന്റെ സർക്കുലർ നം. 12/2021 തീയതി 08.02.2021 പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെ

ഡി.ഡി.ഒ മാരും നിർബന്ധമായും ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് എടുക്കുന്നതിനും ആയതിന് ചെലവാകുന്ന തുക സ്ഥാപനം സ്വയം വഹിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ DDFS/Admin/517/2014 KSITM Dated 23.02.2022 നമ്പർ ഉത്തരവ് പ്രകാരം M/s കെൽട്രോണിനെ ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് വിതരണം, ഇൻസ്റ്റലേഷൻ എന്നിവയ്ക്കുള്ള സ്ഥാപനമായി അംഗീകരിക്കുകയും സർട്ടിഫിക്കറ്റ് നിരക്കുകൾ നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം DSC യ്ക്ക് ചെലവാകുന്ന തുക 1,000/- രൂപയ്ക്കുള്ളിലാണ്. എന്നാൽ വെറ്ററിനറി സർജൻ, ദേവികാ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും DSC രജിസ്ട്രേഷൻ നടത്തുകയും ഫീസായി 3,000/- രൂപ പ്രോജക്ടിൽ നിന്നും നൽകിയിട്ടുണ്ട്. സർക്കാർ നിരക്കിനെ അധികരിച്ച് പ്രോജക്ട് തുക ചെലവഴിച്ചിരിക്കുന്നു. കൂടാതെ ആദായനികുതി (ടി.ഡി.എസ്) റിട്ടേണുകൾ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ടും (ക്വാർട്ടർ 2, ക്വാർട്ടർ 3) 1,200/- രൂപ ചെലവഴിച്ചിട്ടുണ്ട്.

അംഗീകൃത നിരക്കിലധികമായി തുക ചെലവഴിച്ചതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/09.11.22) ലഭ്യമാക്കിയ മറുപടി അധികചെലവിനെ സാധൂകരിക്കുന്നില്ല.

വരുവർഷങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പദ്ധതി ചെലവുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-35 മൃഗാശുപത്രി-സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല

2021-22 വർഷത്തെ പദ്ധതികളുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ, നേരിട്ടുള്ള പരിശോധന എന്നിവയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഒരു കംപ്യൂട്ടർ മോണിറ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആയത് സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖ.12-22 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ സ്റ്റോക്ക് സ്വീകരിച്ച് ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 ല്യം സ്റ്റോർ പരിശോധിച്ച് സ്റ്റോക്കിലെടുക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. ആർട്ടിക്കിൾ 158 പ്രകാരം വർഷത്തിലൊരിക്കലെങ്കിലും സ്റ്റോറുകളുടെ പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടില്ല.

സ്ഥാപനത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

"2017-2018 കാലയളവിൽ പഞ്ചായത്ത് സെക്രട്ടറി വാങ്ങി ഈ സ്ഥാപനത്തിന് കംപ്യൂട്ടർ, സി പി യു, കീ ബോർഡ്, മൗസ് എന്നിവ നൽകിയിട്ടുള്ളതാണ്. ഇതുവരെ അതുമായി ബന്ധപ്പെട്ട ബില്ലോ മറ്റ് രേഖകളോ കൈമാറാത്തതിനാൽ സ്റ്റോക്കിലെടുക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാൻ പഞ്ചായത്തിൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്."

സ്ഥാപനത്തിലെ എല്ലാ സ്റ്റോറുകളും ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ " വീൽസ് " പോർട്ടലിൽ രേഖപ്പെടുത്തിയിട്ടില്ല

ധനകാര്യ വകുപ്പിന്റെ 22-10-2020 -ലെ 59/2020 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത വിവരങ്ങൾ വീൽസ് സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 47/ 17.11.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-37 ഗുണഭോക്തൃ വിഹിതം മുന്നിരിപ്പ് തുകയുടെ ചെലവുവിവരം ലഭ്യമല്ല

ഗുണഭോക്തൃ വിഹിതത്തിൽ തൻവർഷം പിരിച്ചെടുത്ത 291030/- രൂപയും മുന്നിരിപ്പ് (2020-21 ലെ B-4 Schedule

പ്രകാരം) 65805/- രൂപയും ഉൾപ്പെടെ 356835/- രൂപയുണ്ട്. ആയതിൽ 65805/- രൂപയുടെ ചെലവ് രേഖ ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 14/15.11.2022) ഗുണഭോക്തൃ വിഹിതമിനത്തിൽ മുൻവർഷങ്ങളിൽ ഉണ്ടായ ചെലവുകൾ സുലേഖ സോഫ്റ്റ്‌വെയറിലെ റിപ്പോർട്ട് പരിശോധിച്ചാണ് ഗുണഭോക്തൃവിഹിതമിനത്തിൽ മുന്നിരിപ്പായി കാണിച്ചിരുന്ന തുക ജേണൽ ചെയ്ത് കുറവ് വരുത്തിയത് എന്ന് അറിയിച്ചിരിക്കുന്നു. ഗുണഭോക്താക്കൾക്ക് തിരികെ നൽകാൻ ഉള്ളതോ പ്രത്യേക വികസനപ്രവർത്തനങ്ങൾക്കായി ലഭിച്ച തുകകളോ മുൻവർഷത്തെ ഗുണഭോക്തൃ വിഹിതത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്തി ഭരണസമിതി അംഗീകരിച്ചതായി മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ മുന്നിരിപ്പ് ജേണൽ ചെയ്ത് കുറവ് വരുത്തിയത് അംഗീകരിക്കാവുന്നതല്ല.

## 1-38 ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടും പദ്ധതി നടപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 154/2022 |
| പ്രോജക്ടിന്റെ പേര് | പടിതാക്കുളത്തിലെ മൽസ്യകൃഷി |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | 369000/- |
| ചെലവായ തുക | -- |

കൊല്ലയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.10.21 ലെ സാധാരണ യോഗത്തിലെ തീരുമാനം 8 പ്രകാരം സർക്കാരിന്റെ 18.06.21 തീയതിയിലെ 1169/21/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നടപടിക്രമം പാലിച്ച് മേൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടും 2021-22 വർഷത്തിൽ പദ്ധതി നടപ്പാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/11.11.22) മറുപടി ലഭ്യമാക്കിയില്ല. ഈ പദ്ധതി നടപ്പാക്കിയാൽ ലഭ്യമാകുമായിരുന്ന ആനുകൂല്യം ഗുണഭോക്താക്കൾക്ക് നഷ്ടമായ സാഹചര്യത്തിൽ ഭരണസമിതി ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 ലൈഫ് ഭവന പദ്ധതി - സമയബന്ധിതമായി പണി പൂർത്തിയാക്കുന്നില്ല.

| | |
|---|---|
| പദ്ധതി നമ്പർ | S 127/22 |
| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി (എസ്.സി) അഡീഷണൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ തുക | 16720000/- |
| ചെലവായ തുക | 3932353/- |

മേൽ പറഞ്ഞ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം പണി പൂർത്തിയാക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ നാളിതുവരെ ഭവനം പണി പൂർത്തിയാക്കാത്തവർ ഉള്ളതായി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ | കരാറിൽ ഏർപ്പെട്ട തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | വനജ | 1 | 26.02.21 | 300000/- |
| 2 | സുജാത | 13 | 26.02.21 | 300000/- |
| 3 | അമ്പിളി | 5 | 26.02.21 | 40000/- |
| 4 | സുരേഷ് കുമാർ | 13 | 09.08.21 | 200000/- |
| 5 | ശാലിനി.എസ് | 3 | 11.08.21 | 300000/- |
| 6 | ശശി | 13 | 22.10.21 | 300000/- |
| 7 | ഷാജി.റ്റി.എസ്. | 2 | 22.10.21 | 300000/- |
| 8 | തങ്കമണി | 2 | 03.11.21 | 200000/- |
| 9 | വിജയമ്മ | 1 | 02.12.21 | 40000/- |
| 10 | വിജയൻ.എം | 1 | 31.12.21 | 300000/- |
| 11 | സുരേന്ദ്രൻ | 16 | 31.01.21 | 140000/- |
| 12 | സോമതി | 9 | 02.02.22 | 160000/- |
| 13 | ബീന.എ | 16 | 10.03.22 | 260000/- |
| 14 | പ്രസാദ് കുമാർ | 9 | 09.03.22 | 60853/- |

പണി പൂർത്തീകരിയ്ക്കുവാൻ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-40 ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകൽ - 150000/-രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പദ്ധതി നമ്പർ | എസ് 008/22 |
| പദ്ധതിയുടെ പേര് | ഭവന പുനരുദ്ധാരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. ( B സർക്കിൾ) |
| അടങ്കൽ തുക | 2400000/- |
| ചെലവ് | 18,75,000/- |
| ബിൽ നമ്പർ/തീയതി/തുക | 159/16.11.21 - 1,50,000/-<br>168/26.11.21 – 75,000/-<br>193/29.12.21 - 75,000/-<br>206/03.01.22 - 75,000/-<br>233/07.01.22 - 75,000/-<br>250/13.01.22 - 75,000/-<br>271/29.01.22 - 3,75,000/-<br>273/31.01.22 - 75,000/-<br>279/03.02.22 - 75,000/-<br>293/11.02.22 - 75,000/-<br>306/25.02.22 - 75,000/-<br>325/03.03.22 - 1,50,000/-<br>339/14.03.22 - 2,25,000/- |

മേൽ പറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നമ്പർ 26 (വാർഡ് നമ്പർ 10) ആയി ഉൾപ്പെട്ടിരിക്കുന്നത് ശ്രീ.ജയകുമാർ, കുഴിവിള, ധനുവച്ചപുരം എന്ന വ്യക്തിയാണ്. എന്നാൽ ആനുകൂല്യം ലഭിച്ചിരിക്കുന്നത് ശ്രീ. ജയമോഹൻ .ഡി.എൻ, ജിതിൻ ഭവൻ, ധനുവച്ചപുരം എന്ന വ്യക്തിയ്ക്കാണ്. മേൽവിലാസത്തിൽ വന്ന പിശകാണെന്നും അത് തിരുത്തി നൽകണമെന്നും കാണിച്ച് ശ്രീ. ജയമോഹനൻ നൽകിയ അപേക്ഷ ഭരണസമിതി പരിഗണിക്കുകയും 24.12.2021 ലെ സാധാരണ യോഗത്തിലെ 1 (9) നമ്പർ തീരുമാനപ്രകാരം ശരിയായ മേൽവിലാസത്തിൽ ആനുകൂല്യം നൽകുന്നതിന് വി.ഇ.ഒ - യെ (ബി-സർക്കിൾ) ചുമതലപ്പെടുത്തുകയും ചെയ്തു. കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രത്തിലും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിലും ടിയാന്റെ മേൽവിലാസം ജോയി, കുന്നുവിള, ധനുവച്ചപുരം എന്നാണ്. അതിനെ സാധൂകരിക്കുന്നതിനായി One And The Same സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, 10 ാം വാർഡിലെ 08.02.2021, 23.12.2021 എന്നീ തീയതികളിലെ ഗ്രാമസഭയിലോ, 18.01.2022 ലെ ഓൺലൈൻ ഗ്രാമസഭയിലോ ഈ പദ്ധതിയോ, പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയോ അംഗീകരിച്ചിട്ടില്ല. ആയതിനാൽ, അടുത്ത ഗ്രാമസഭയിൽ ശ്രീ. ജയമോഹനൻ .ഡി.എൻ ഉൾപ്പെടുന്ന ഗുണഭോക്തൃ ലിസ്റ്റ് സാധൂകരിക്കുന്നതുവരെ ടിയാനു നൽകിയ 150000/- രൂപ തടസ്സം ചെയ്യുന്നു.

## 1-41 തുല്യതാ പരീക്ഷ -കോഴ്സ് പൂർത്തിയാക്കേണ്ടതാണ്

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ തുല്യതാ പരീക്ഷ (പ്രോജക്ട് നമ്പർ 47/22) എന്ന പ്രോജക്ട് പ്രകാരം എസ്എസ്എൽസി തുല്യതാ പരീക്ഷയ്ക്ക് പത്തുപേർക്ക് 100/- രൂപ രജിസ്ട്രേഷൻ ഫീസും 1750/- രൂപ കോഴ്സ് ഫീസുമായി 18500/- രൂപയും ഒരാളുടെ കോഴ്സ് ഫീസ് ഇനത്തിൽ 1500/- രൂപയും ഉൾപ്പെടെ 20,000/- രൂപ ഫീസായി അടച്ചിരിക്കുന്നു. ഹയർസെക്കൻഡറി തുല്യതാ കോഴ്സിന് 12 പഠിതാക്കൾക്കായി രജിസ്ട്രേഷൻ ഫീസ് 100/- രൂപ അഡ്മിഷൻ ഫീസ് 200/- രൂപ കോഴ്സ് ഫീസ് 2200/- രൂപ ഉൾപ്പെടെ 30000/- രൂപയും അടച്ചിരിക്കുന്നു. എന്നാൽ പഠിതാക്കൾ പരീക്ഷ എഴുതിയത് സംബന്ധിച്ചോ പരീക്ഷ പാസായതിന്റെയോ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 26/ 16.11.2022) 2021-22 വർഷത്തിലെ പ്രൊജക്റ്റ് പ്രകാരമുള്ള പഠിതാക്കളുടെ ക്ലാസ്സുകൾ 2022 സെപ്റ്റംബർ മാസം (25/09/2022) ആണ് ആരംഭിച്ചതെന്നും നടന്നുകൊണ്ടിരിക്കുകയാണെന്നും അറിയിച്ചിരിക്കുന്നു. കോഴ്സ് വിജയകരമായി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-42 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി - അപാകതകൾ

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി 21-22 സാമ്പത്തികവർഷം മഞ്ചവിളാകം ഗവൺമെൻറ് യുപിഎസ്സിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി പ്രകാരം (പദ്ധതി നമ്പർ 221/22) 59800/- രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) ചെലവഴിച്ചിരുന്നു. കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ക്വട്ടേഷൻ വഴി സ്മാർട്ട് സൊല്യൂഷൻസ് നെയ്യാറ്റിൻകര എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. ഇലക്ട്രോണിക്സും വിവരസാങ്കേതികവും വിദ്യ (ഐടി സെൽ) വകുപ്പിന്റെ 18.03.2019 ലെ നം.ഐറ്റിസെൽ-1/26/2019/വി.സ.വ സർക്കുലർ പ്രകാരം ഐറ്റി ഉപകരണങ്ങളുടെ വാങ്ങൽ സർക്കാരിന്റെ സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് സംവിധാനത്തിന്റെ പോർട്ടലിലൂടെ (Www.cprcs.kerala.gov.in) മാത്രമാണ് നിർവഹിക്കേണ്ടത്. എന്നാൽ മേൽ പദ്ധതികൾക്കായി ക്വട്ടേഷൻ നടപടികൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 28/16.11.2022) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾക്കുമായി അനുവദിച്ച തുക മാർച്ച് മാസം അവസാന ദിനങ്ങളിലാണ് ലഭിച്ചതെന്നും ആയതിനാൽ Cprcs വെബ്സൈറ്റ് വഴി വാങ്ങാൻ സാധിച്ചില്ലായെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിരിക്കുന്നു. സർക്കാർ നിർദ്ദേശാനുസരണം സർക്കാരിന്റെ സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് സംവിധാനത്തിന്റെ പോർട്ടലിലൂടെ (Www.cprcs.kerala.gov.in) മാത്രം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 പാഥേയം പദ്ധതി നടത്തിപ്പ് - സർക്കാർ നിർദേശം പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പാഥേയം (28/22) |
| അടങ്കൽ തുക | 345600/- |
| ചെലവ് തുക | 345600/- |
| ബിൽ നം. | 5/14.06.2021 49880/-<br>9/07.07.2021 34320/-<br>13/03.08.2021 74400/-<br>18/27.10.2021 187000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ 28.10.2021- തീയതിയിലെ 442/E1/2017/KSTVM നമ്പർ കത്ത് പ്രകാരം പാഥേയം പദ്ധതി 2021-2022 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാപഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെ 345600/- രൂപ വകയിരുത്തിയതിൽ 158600/- രൂപ മയൂരം കുടുംബശ്രീ യൂണിറ്റിന് നൽകുകയും 187000/- രൂപ ജില്ലാ പഞ്ചായത്തിന് കൈമാറുകയും ചെയ്തിരിക്കുന്നു. കൂടാതെ 423936/- രൂപ ജില്ലാ പഞ്ചായത്ത് സി ഡി എസ് അക്കൗണ്ടിൽ നൽകുകയും ആയതു പദ്ധതി നടത്തിപ്പിന് മയൂരം കുടുംബശ്രീ യൂണിറ്റിന് നൽകിയതായുമുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. സർക്കാർ നിർദേശത്തിന് വിരുദ്ധമായി പഞ്ചായത്ത് വിഹിതം നേരിട്ട് കുടുംബശ്രീ യൂണിറ്റിന് നൽകിയതിൽ വിശദീകരണം ആവശ്യപ്പെട്ട് 16.11.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.29 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദേശാനുസരണം പദ്ധതി നടപ്പാക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-44 ഭരണസമിതി തീരുമാനങ്ങൾ - ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ നടത്തി ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഭരണസമിതി യോഗം നടന്ന തീയതി | തീരുമാനം നം | വിഷയം | പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ (ഓഡിറ്റ് അന്വേഷണം നം. 8, തീയതി : 15.11.2022 നുള്ള മറുപടി) |
|---|---|---|---|
| 22.06.2021 | അജണ്ട 13, 2 | പനയംമൂല വാർഡിലെ ചെറുവാകുളം എന്ന സ്ഥലത്തെ 248/5 സർവ്വേ നമ്പരിൽപ്പെട്ട മൂന്നര സെന്റ് പുറമ്പോക്ക് സ്ഥലം താലൂക്ക് സർവ്വേയർ മുഖാന്തിരം അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക. | മൂന്നര സെന്റ് പുറമ്പോക്ക് സ്ഥലം താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| | അജണ്ട 13, 5 | പനയംമൂല വാർഡിലെ കാകറത്തല അയിരവേലി കുളം നവീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് അനുമതി നൽകി. | നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു എന്ന് അറിയിച്ചിട്ടുണ്ട്. |
| 18.08.2021 | അജണ്ട 14 | കൊറ്റാമത്ത് ഹെർക്കലിസ് മോട്ടേഴ്സിന് സമീപം 17.5 സെന്റ് പുറമ്പോക്ക് | ടേക്ക് എ ബ്രേക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ഭൂമി |

| | | | |
|---|---|---|---|
| | | ഭൂമിയിൽ ടേക്ക് എ ബ്രേക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ഭൂമി വിട്ട് നൽകാൻ ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കാൻ തീരുമാനം | വിട്ട് നൽകാൻ ജില്ലാ കളക്ടർക്ക് കത്ത് നൽകി. |

മേൽ വിഷയങ്ങളിൽ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-45 ബഡ്സ് റീഹാബിലിറ്റേഷൻ - പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

മാനസിക വൈകല്യം നേരിടുന്ന വ്യക്തികളെ കണ്ടെത്തി പരിചരണം നൽകുന്നതിന് കൊറ്റാമം വാർഡിൽ വഴതോട്ടുകോണം എ കെ ജി കോളനിയിൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ച് വരുന്നു. എന്നാൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും മാനസിക പരിചരണം ആവശ്യമായ എല്ലാ വ്യക്തികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടില്ല. അടിയന്തിരമായി പരിഹാരം കണ്ടെത്തേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

(എ) ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് സാമൂഹ്യനീതി വകുപ്പിന്റെ രജിസ്ട്രേഷൻ ലഭ്യമായിട്ടില്ല. RPWD ആക്ട് പ്രകാരം രജിസ്ട്രേഷൻ ലഭ്യമാകുന്നതിന് 2021-22 ലും അപേക്ഷ സമർപ്പിച്ചിരുന്നു എന്നും അപാകതകൾ പരിഹരിക്കുന്നതിന് നിർദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അധ്യാപക വിദ്യാർത്ഥി അനുപാതത്തിന് അനുസൃതമായി വർക്കറെ നിയമിക്കുന്നതിന് കുംബശ്രീ ജില്ലാ മിഷനിൽ നിന്നും ഭരണസമിതി തീരുമാനം പ്രകാരം ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും 17.11.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ബഡ്സ് സ്കൂളിന്റെ രജിസ്ട്രേഷൻ, ഹാജർ ബുക്കുകൾ പ്രകാരം 22 അന്തേവാസികൾക്ക് അഡ്മിഷൻ നൽകിയിട്ടുണ്ട്. എന്നാൽ നിലവിലെ കെട്ടിടത്തിൽ 22 അംഗങ്ങളേയും പരിചരിക്കുന്നതിനുള്ള സൗകര്യം സജ്ജീകരിച്ചിട്ടില്ല. ഇടുങ്ങിയ മുറികളിൽ ഫർണീച്ചറും മറ്റ് ഉപകരണങ്ങളും സൂക്ഷിച്ചിരിക്കുന്നതിനാൽ അന്തേവാസികൾക്ക് സ്വതന്ത്രമായി ഇടപഴകുന്നതിന് പരിമിതികൾ നിലനിൽക്കുന്നു. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലത്ത് അനായാസം എത്തിചേരുന്നതിനും സാധിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്.

(സി) വാഹന സൗകര്യം ഇല്ലാത്തതിനാൽ ദിവസേന അംഗങ്ങൾക്ക് ബഡ്സ് സ്കൂളിൽ ഹാജരാകുന്നതിന് സാധിക്കുന്നില്ല. ഹാജർ ബുക്ക് പ്രകാരം രണ്ട് മുതൽ എട്ട് വരെ അംഗങ്ങൾ മാത്രമാണ് സാധാരണ നിലയിൽ ഹാജരാകുന്നത്. 2022 ജനുവരിയിൽ എട്ട് ദിവസം രണ്ട്, ആറ് ദിവസം മൂന്ന്, രണ്ട് ദിവസം നാല് എന്നിങ്ങനെയാണ് അംഗങ്ങൾ ഹാജരായിരിക്കുന്നത്.

(സി) പഞ്ചായത്ത് പരിധിയിൽ മാനസിക പരിചരണം ആവശ്യമായ എല്ലാ വ്യക്തികളെയും കണ്ടെത്തി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്.

മേൽ പരാമർശിച്ച പരിമിതികൾ പരിഹരിക്കുന്നതിന് ഭരണസമിതി സത്വര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-46 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 3,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നം. 22100079/27.4.2021 :- ചെലവ് തുക 1,60,000/-

വൗച്ചർ നം. 22100859/ :- ചെലവ് തുക 1,60,000/-

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മേൽ വൗച്ചറുകൾ പ്രകാരം രണ്ട് ഘട്ടങ്ങളിലായി 3,20,000/- രൂപ മെഡിക്കൽ ഓഫീസർക്ക് നൽകിയിരിക്കുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് 17.11.2022 തീയതിയിൽ ഓഡിറ്റ് അന്വേഷണം നം. 41 മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-47 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1. പി എച്ച് സി ദൈനംദിന പ്രവർത്തനം പദ്ധതി (25/2022)

(എ) മേൽ പദ്ധതി പ്രകാരം ദൈനംദിന പ്രവർത്തനങ്ങൾക്ക് 476557/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു റെക്കോർഡ് റൂം കാബിൻ എന്നിവ പണി ചെയ്ത് നൽകിയതിന് 49350/- രൂപ ശ്രീ. സനിൽകുമാർ എന്ന വ്യക്തിയ്ക്ക് നൽകിയിരിക്കുന്നു. ഈ പ്രവൃത്തി എൽ എസി ജി ഡി ഓവർസിയർ വാല്യുവേഷൻ നടത്തുകയോ പ്രവൃത്തി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(ബി) പി എച്ച് സി യിൽ Peer Assessment നടന്നതിന്റെ ഭാഗമായി ലാബ് ഫാർമസി തുടങ്ങി എല്ലാ വിഭാഗങ്ങളിലും സൂചനാ ബോർഡുകൾ സ്ഥാപിച്ചതിന് 20000/- രൂപ (ബിൽ നം. 48/21-22) നൽകി. കൂടാതെ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 8400/- (ബിൽ നം. 52/21-22) രൂപയും ചെലവഴിച്ചു. വയറിംഗ്, പ്ലംബിംഗ് അറ്റകുറ്റ

പണികൾക്ക് 13984/- (ബിൽ നം. 51/21-22) വിനിയോഗിച്ചു. ഈ ചെലവുകളൊന്നും മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(സി) പി എച്ച് സി യിൽ നടപ്പാക്കുന്ന വിവിധ പരിപാടികൾക്ക് ഉപയോഗിക്കുന്നതിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു വ്യക്തി തന്റെ തന്നെ ഉടമസ്ഥതയിലുള്ള മൂന്ന് തരം വാഹനങ്ങൾക്കാണ് ക്വട്ടേഷൻ നൽകിയിരിക്കുന്നത് (സിഫ്റ്റ് ഡിസൈർ - 1300/-, ഇന്നോവ 1400/-, ഇന്നോവ ക്രിസ്റ്റ 1500/-). മൂന്ന് വ്യത്യസ്ഥ വാഹനങ്ങൾക്ക് ലഭ്യമായ ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിച്ചിരിക്കുന്നു. ഇത് ക്രമപ്രകാരമല്ല.

2. PHC യിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (219/22)

PHC യ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺ ലൈൻ പോർട്ടൽ ആയ സി പി ആർ സി എസ് മുഖേന വാങ്ങേണ്ടതാണെന്ന നിർദേശം പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 15.11.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.9 ന് കൊറോണകാലമായതിനാലും ജീവനക്കാരുടെ കുറവുമൂലവുമാണ് നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-48 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- വകുപ്പ് വിഹിതം നൽകിയില്ല

2021-22 ൽ ഡയറിഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടിൽപ്പെടുത്തി വിവിധ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കായി സബ്സിഡിയിനത്തിൽ തൻവർഷം 30,72,426/- രൂപ നൽകിയിട്ടുണ്ട്. 14.2.2018- ലെ ജി.ഒ.(എം.എസ്.) 22/2018 ത.സ്വ.ഭ.വ. നം. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീരകർഷകർ ക്ഷീരസംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ നാല് രൂപ നിരക്കിൽ സബ്സിഡി നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ക്ഷീരവികസന വകുപ്പിന്റെ സബ്സിഡി ലഭ്യമാക്കാതെ, ക്ഷീരവികസന വകുപ്പിൽ നിന്ന് ഒരു രൂപ നിരക്കിൽ നൽകേണ്ട സബ്സിഡി പഞ്ചായത്ത് ഫണ്ടിൽ (വികസന ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം) നിന്നാണ് നൽകിയിരിക്കുന്നത്.

അപാകതയ്ക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/ 15.11.2022) ലഭ്യമാക്കിയില്ല.

സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശത്തിനു വിരുദ്ധമായി, ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പിന്റെ സബ്സിഡി ലഭ്യമാക്കാതെ, വികസനഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച തുക കണക്കാക്കി വികസനഫണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്. ക്ഷീരവികസന വകുപ്പിൽ നിന്ന് വിഹിതം ലഭ്യമാക്കി കൂടുതൽ ക്ഷീരകർഷകരെ ആനുകൂല്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സ്ഥാപനത്തിൽ (മൃഗാശുപത്രി) ഇല്ലാത്ത ഉപകരണങ്ങളുടെ പരിപാലനചെലവ്- 2200/- രൂപ നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര്, നം. - മൃഗാശുപത്രിയിലെ ദൈനം ദിന ചെലവുകൾ, 19/2022

അടങ്കൽ - 30,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 30,000/- (ബിൽ നം. 10/24.03.2021 Rs. 5000/-

ബിൽ നം. 7/15.02.2022 Rs. 25000/-)

മൃഗാശുപത്രിയുടെ ദൈനം ദിന ചെലവുകൾക്കായാണ് പ്രോജക്ട് തുക വകയിരുത്തിയിരുന്നത്. പ്രോജക്ട്

നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) സ്ഥാപനത്തിലില്ലാത്ത ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിപാലനത്തിനായി തുക ചെലവിട്ടിരിക്കുന്നു.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പ്രിന്റർ, ഇന്റർനെറ്റ് കണക്ഷൻ എന്നീ ഇലക്ട്രോണിക് സൗകര്യങ്ങൾ സ്ഥാപനത്തിലില്ല. എന്നാൽ വിവിധ വൗച്ചറുകൾ പ്രകാരം ഇതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി (പ്രിന്റർ ടോണർ റീഫില്ലിംഗ്, സർവീസ് ചാർജ്, വൈഫൈ USB Adapator Link) 3,100/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവിനം | തുക | വൗച്ചർ നം., തീയതി |
|---|---|---|
| Canon 925toner Powder Refilling | 500 | 15/15.07.2021<br>തുക - 500/- രൂപ |
| Wifi USB Adaptor Dlink 300mbps DWA-131<br>Service Charge<br>Toner Powder 88aMagnum 70 Refilling | 700<br>500<br>500 | 31/07.12.2021<br>തുക - 1700/- രൂപ |
| ആകെ | 2200 | |

ബില്ലുകൾ പ്രകാരമുള്ള തുക നിർവഹണഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേയ്ക്കാണ് ക്രഡിറ്റ് ചെയ്തിരിക്കുന്നത്. (അക്കൗണ്ട് നം. 57021111499, ഐ എഫ് എസ് സി കോഡ്-SBIN0070042). ഇപ്രകാരമുള്ള ചെലവ് സർക്കാർ ഫണ്ടിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ചെലവുതുക 2,200/- രൂപ നിരാകരിക്കുന്നു.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/09.11.200) വാടകയില്ലാതെ താൽകാലിക പ്രിന്റർ ആണ് ഉപയോഗിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. മറുപടിയിൽ വ്യക്തതയില്ലാത്തതിനാലും സ്ഥാപനത്തിൽ ഓഡിറ്റ് ടീം നടത്തിയ നേരിട്ടുള്ള പരിശോധനയിൽ പരാമർശിത ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപനത്തിൽ ഇല്ലായെന്ന് ബോധ്യപ്പെട്ടതിനാലും മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

തുക (2,200/- രൂപ) നിർവഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം - (തദ്ദേശ സ്ഥാപനം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം)

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| ബ്ലോക്ക് | ലൈഫ് എസ്.റ്റി. | 40000 |
| | ലൈഫ് എസ്.സി. അഡീഷണൽ | 1167000 |
| | സ്നേഹസ്പർശം | 327750 |
| | പ്ലാവണ്ണറക്കളം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 |
| | കാവുവിള-കിഴക്കതിൽ റോഡ് നിർമ്മാണം | 425114 |
| | കാലാക്കുഴി പതവൻകോട് റോഡ് നിർമ്മാണം | 550000 |
| | തേരിയംവീട്, പുളിയറ തരിശ് റാമ്പ് | 121360 |
| | ക്ഷീരസമൃദ്ധി ജനറൽ | 340338 |
| | ക്ഷീരസമൃദ്ധി വനിത | 600000 |
| | ആകെ | 4071562 |
| ജില്ല | ലൈഫ് എസ്.സി. അഡീഷണൽ | 545353 |
| | സ്നേഹസ്പർശം | 198875 |
| | ലൈഫ് ജനറൽ | 55072 |
| | ക്ഷീരസമൃദ്ധി ജനറൽ | 97440 |
| | ക്ഷീരസമൃദ്ധി വനിത | 193995 |
| | ആകെ | 1090735 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | 2020-21 ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2021-22 ലെ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2428170/- | 4519202/- | 6947372/- | 4071562/- | 1657384/- |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1213115/- | 1090735/- | 2303850/- | 1090735/- | 172315/- |

നീക്കിയിരിപ്പ്, ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| പ്രവൃത്തി | ഏജൻസി | നൽകിയ തുക | ചെലവ് തുക | ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| പ്ലാവണ്ണകുളം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 502500 | -- | 502500 |
| ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | 17218 | -- | 17218 |
| പരുത്തിവിള അംഗൻവാടി പോസ്റ്റ് വൈദ്യുതി കണക്ഷൻ | കെ.എസ്.ഇ.ബി. | 29570 | -- | 29570 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| ഏജൻസി | 2020-21 ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 2020-21 ലെ B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 150000 | 502500 | 652500 | -- | 652500 |
| കെ.എസ്.ഇ.ബി. | 2458777 | * 46788 | 2505565 | -- | 2458777 |
| ഭൂഗർഭജല വകുപ്പ് | 165000 | -- | 165000 | -- | 165000 |
| പൊതുമരാമത്ത് വകുപ്പ് | 5000 | -- | 5000 | -- | 5000 |

* കെ.എസ്.ഇ.ബിയിലെ തൻവർഷത്തെ നിക്ഷേപതുക AFS -ന്റെ ഡെപ്പോസിറ്റ് ഹെഡിലല്ല ചെലവഴിച്ചിട്ടുള്ളത്.

ആയതിനാൽ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

2021-22 വർഷത്തിൽ വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടവാക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം.

| വായ്പാ ഇനം | 2020-21 ൽ തിരിച്ചടവാക്കാനുള്ള തുക | 2021-22-ൽ ലഭിച്ച തുക | 2021-22 ൽ തിരിച്ച് അടച്ച തുക | വർഷാവസാനം തിരിച്ചടവാക്കാനുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരം വർഷാവസാനം തിരിച്ചടവാക്കാനുള്ള തുക |
|---|---|---|---|---|---|
| KUDCO | 52529472 | 0 | 4810666 | 47718806 | 47714001 |

മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ AFS -മായി പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 1-31 കാണുക).

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 12957627 |
| ഓഡിറ്റ് വർഷത്തെ വരവ് | 73765566 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 75000942 |
| നീക്കിയിരിപ്പ് | 11722251 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,12,030 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2200 | ഡോ.പ്രദീപ്.എസ്.വി. വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 625836 | ശ്രീ. എസ്.ഒ.ഷാജികുമാർ, സെക്രട്ടറി |
| 1-28 | 496176 | ശ്രീ. എസ്.ഒ.ഷാജികുമാർ, സെക്രട്ടറി |
| 1-33 | 20018 | ഡോ. പ്രദീപ്.എസ്.വി, വെറ്ററിനറി സർജൻ |
| 1-40 | 150000 | ശ്രീമതി സജിഷ, വി.ഇ.ഒ സർക്കിൾ (ബി) |
| 1-46 | 160000 | ഡോ. അനുരാധ.എ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| | 160000 | ഡോ. അഞ്ചന, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| ആകെ | 16,12,030 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.ഒ.ഷാജികുമാർ, സെക്രട്ടറി | എസ്.എസ്.ഭവൻ, തിരുപുറം.പി.ഒ | സെക്രട്ടറി, കൊല്ലയിൽ ഗ്രാമപഞ്ചായത്ത് |
| ശ്രീമതി സിന്ധു.വി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | സിന്ധു.വി.ജെ, ജഗനാഥ്, ചൂഴാറ്റുക്കോട്ട, മലയം.പി.ഒ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി നീണ്ടകര ഗ്രാമപഞ്ചായത്ത് |
| ഡോ.അനുരാധ.എ, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | ശിവഭവൻ, നബീശലൈൻ ഹോസ്പിറ്റൽ ജംഗ്ഷൻ, പാറശ്ശാല.പി.ഒ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി കൊല്ലയിൽ ഗ്രാമപഞ്ചായത്ത് |
| ഡോ.അഞ്ചന, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | ഇന്ദീവരം, തട്ടിനകം, ഇടവകോട്, ശ്രീകാര്യം.പി.ഒ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി കൊല്ലയിൽ ഗ്രാമപഞ്ചായത്ത് |
| ഡോ.പ്രദീപ് .എസ്.വി, വെറ്ററിനറി സർജൻ | വിമൽ വില്ല, ഇലങ്കം റോഡ്, വഴുതൂർ, നെയ്യാറ്റിൻകര | വെറ്ററിനറി സർജൻ വെറ്ററിനറി ഡിസ്പെൻസറി |

| | | |
|---|---|---|
| | | കൊല്ലയിൽ<br>ഗ്രാമപഞ്ചായത്ത് |
| ശ്രീമതി സജിഷ,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>സർക്കിൾ (ബി) | മാധവം, റ്അറി.സി 8/1095-6<br>മൈത്രി നഗർ, വലിയവിള,<br>തിരുമല.പി.ഒ | വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ<br>കള്ളിക്കാട്<br>ഗ്രാമപഞ്ചായത്ത് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1959/2022 തീയതി. 18.10.2022 | 5<br>(33, 35, 36, 37, 38) |
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1959/2022 തീയതി. 18.10.2022 | 1<br>(38) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1959/2022 തീയതി. 18.10.2022 | 4<br>(3-3, 3-5, 3-7, 3-8) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1959/2022 തീയതി. 18.10.2022 | 1<br>(3-3) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1959/2022 തീയതി. 18.10.2022 | 3<br>(3-6, 3-9, 3-11) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1126/2018 തീയതി 22.05.2018 | 20 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/2064/2019 തീയതി 28.01.2020 | 29 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.2/327/2019 തീയതി 02.04.2022 | 17 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/490/2022 തീയതി 11.05.2022 | 38 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്